# തിരുഹൃദയ മാസിക
(The Sacred Heart Monthly)

**Vol. 79**
**2014 September**

79 Years of Publication



*Patron*

✠ **Mar Mathew Moolakkatt**
Archbishop of Kottayam

*Co-Patron*

✠ **Mar Joseph Pandarasseril**
Auxiliary Bishop of Kottayam

*Editor*

**Fr. Saji Kochuparambil**
S.H.Monthly
Catholic Mission Press
Building, K.K. Road
Kottayam - 686 001


## ഈ ലക്കത്തിൽ


- സർക്കുലർ
- തൂവാനീസാ പ്രോഗ്രാം
- ചൈതന്യ പ്രോഗ്രാം
- ബൈബിൾ കമ്മീഷൻ
- വിശ്വാസപരിശീലന കമ്മീഷൻ
- വിൻസന്റ് ഡി പോൾ
- ലിജിയൻ ഓഫ് മേരി
- ചെറുപുഷ്പ മിഷൻ ലീഗ്
- കെ. സി. വൈ. എൽ.
- കോട്ടയം സോഷ്യൽ സർവ്വീസ് സൊസൈറ്റി
- മലബാർ സോഷ്യൽ സർവ്വീസ് സൊസൈറ്റി
- പിതാക്കന്മാരുടെ ഡയറി
- **Engagements**
  Mar Mathew Moolakkatt
  Mar Joseph Pandarasseril
- വചനദർശനം
- വാർത്തകൾ



## വാർഷിക വരിസംഖ്യ

75 രൂപ (ഇന്ത്യ)
500 രൂപ (വിദേശം)

**Circular No. 154**

**Annual Retreat of Priests-2014**

Catholic Metropolitan's House
P.B. No. 71, Kottayam -686 001
Kerala, India

Date: 04-08-2014

Dear Rev.Fathers,

I am happy to inform you that arrangements are made for the annual retreat of the priests of our Archeparchy in two batches at Thuvanisa Prayer House, Kothanalloor.

**First Batch**

From Monday September 15 to Friday September 19, 2014

Preacher : Fr. Shaji K. OFM

**Second Batch**

From Monday September 22 to Friday September 26, 2014

Preacher: Fr. Jose Parappally MSFS

Retreats begin at 11 am on the first day and end with lunch on the final day.

For convenience sake priests are listed in two groups (the list enclosed). In urgent cases you can change to the other batch but should inform it to the Curia. All the priests in the Archeparchy are expected to attend the retreat.

1. Please bring along your faculty papers and mass accounts clearly showing the source of the mass intentions and to whom the excess masses are entrusted. Please fill the enclosed balance sheet of your mass accounts showing the number of the Bination masses said towards Medical

Aid Fund. Kindly handover these papers and the mass account books on the first day of the retreat itself.

2. If your testament is made already, renew the same and if not yet made, please make it at least before the retreat.
3. Kindly say 5 masses *ad intentionem dantis* towards the expenses of the retreat and say *gratis* one mass for the deceased bishops and priests of the Archeparchy.
4. Though Retired priests are exempted from the common retreat, they are also welcome for this retreat. They are reminded that they should make a private retreat of four days and report to our Archbishop before Christmas.
5. If anybody is unable to attend the retreat arranged from here he should inform the Archbishop stating the reasons at the earliest.

Wishing you a fruitful retreat,

Yours sincerely in the Lord,

Sd/-

Fr. Mathew Elappanickal

Pro-Proto Syncellus

## I[st] Batch September 15 - 19

Achirathalackal Baiju
Adoppillil Jose
Anchempil Bibin
Avanikkunnel Jinu
Cheekkaparayil Stephen
Chethalil John
Cherolickal Thomas
Elappanickal Mathew
Ettiepallil Mathew
Edathiparambil Thomas
Kummanikattu Dino
Karimpumkalayil Thomas
Kuruppinakath Jacob
Kaitharam Thomas

Kalavelil Joy
Kalathara Philmon
Kannuvettiel Mathew
Kappukalayil George
Karimpil Luke
Karisserikkal Philip
Kattiyankel Joy
Kanjirathummoottil Joseph
Kochuparambil Philip
Keezhangattu Joseph
Kochuparambil Lijo
Kochuparambil Abraham
Kochuparambil Regi
Kochuthazham Joseph
Kolakkattukudy Stephen
Kochuparampil Luke
Kochuputhenpura Thomas
Kottor Thomas
Kunnakkattumalayil Joseph
Kuruttuparambil Winson
Kunnath Binu
Kuzhipillil Mathew
Manthuruthil Cyriac
Mattathil Cyriac
Methanath Saji
Moolakkatt James
Mukalel Joseph (Rogi)
Mulakumattathil Prince
Mulavanal Joseph
Muriyamkottunirappel Stephen
Mukalel Kuriakose
Mulavelipurathu Anish
Nedungattu Jose
Nellikkakandathil Jijo
Olikkara Alex
Padapurackal Cyriac
Padijarekkara Stephen
Pattathett James
Parathottumkara Mathew
Patheeparambil Jomy (George)
Perumanoor George (Sunil)
Plathottam Stephen OIC
Poothara Shaji
Poochakattil John
Puthiyakunnel Thomas
Puthuparambil George
Ramachanatt Luke
Thypurayidathil Prince
Tharayil Abraham (Biju)
Thodukayil Philip
Unnukallel George
Vadakkekara Alex
Vadakkekandamkary James
Valavunkal Cherian (Binu)
Valel Jacob
Valiyaputhenpurayil Mathews
Valiyaveettil Kurian
Vattampurath Simon (Boban)
Vadakkethottiyil Thomas
Vallarkattil Joshy
Vellayickal Shinoj
Vengacheriyil Abraham
Velliyappallil Bibin
Vettuvelil Stephen
Vettikkatt Michael

# II[nd] Batch September 22 - 26

Adoppillil Thomas
Akkapparambil Alex
Animoottil Thomas
Animoottil Philip
Aikkara Jees
Chackalakal Jose
Chellakkandathil Mathew
Chennakuzhy John
Chethalil Bins
Cheriyil Boby
Cheruvil James
Chirappurath Jose
Ezharath Joseph
Kurisummoottil Thomas
Kavil Jinu
Kalarickal Abraham
Kalarickal Jerry
Kandoth Bibin
Kadavilchirayil Jose
Kalapurackal Anish
Kannampadam Abhilash
Kannala Mathew
Karithuruthel Sunny
Kannuvettiyel Jose
Karukaparambil Jose
Karukaparambil George

Kattakkayam Michael
Kattiankel Baby
Kayyalakkakathu Joseph
Keenthananickal Thomas
Keecheril Joseph
Kochuparambil Saji
Kochuparambil Boby
Kothakulam Cyriac
Kudumthayil George
Kuriathara Mathew
Kurisummoottil George
Kuruppanthara Jose
Kuzhippallil Lukose
Kuzhivelil Gibil
Maveliputhenpura Thomas
Malithuruthel Jacob
Mampuzhakkal Jose
Mudakkalil Philip
Mekkara Shaji
Mukalel Baiju
Mulloor Jacob
Muyalkallumkal Arun
Nandikunnel Peter
Nedumthuruthil Michael
Parambett Abraham

Paracka Sunil
Paradiyil Abraham
Paranickal Alexander
Pattiyal George
Pattakandam Jose
Pinarkayil Tinesh
Plathottam James
Placheripurath Luke
Poothrukayil Luke
Ponganayil Jacob
Poovathummoottil Abraham
Puchookandathil Joby Pulivelil Mathew
Pralel Thomas
Pullattu Simon
Puthenparampil Luke
Puthenpurackal Stephen
Puthukulathil Abraham
Puzhakarottu Joseph
Puthupallimyalil Jins
Tharathattel Abraham
Thadathil Jacob
Tharapputhottiyil Jose
Thazhathuvettathu Thomas
Thekkumkattil Mathew
Thekkunilkkunnathil Jose
Vadakkethotty Thomas
Vakkeparambil Roy

# തൂവാനീസ പ്രോഗ്രാം

| | |
|---|---|
| സെപ്റ്റംബർ 10 | ഫെയ്ത്ത് ഫെസ്റ്റ് യുവജന സംഗമം |
| 11 – 14 | തൂവാനീസ ബൈബിൾ കൺവൻഷൻ |
| 15 – 19 | വൈദികരുടെ വാർഷിക ധ്യാനം |
| 20 – 21 | പഠനാനുഭവ ധ്യാനം |
| 22 – 26 | വൈദികരുടെ വാർഷിക ധ്യാനം |
| 27 – 28 | പഠനാനുഭവ ധ്യാനം |
| 28 – ഒക്ടോബർ 2 | ആന്തരീക വിശുദ്ധീകരണ ധ്യാനം (ഫാ. അബ്രഹാം കൊച്ചുപറമ്പിൽ & ടീം) |
| 3, 10, 17, 24, 31 | ജാഗരണ പ്രാർത്ഥന |
| 5 – 11 | എസ്.ജെ.സി. സിസ്റ്റേഴ്സ് ധ്യാനം |

# CHAITHANYA PROGRAMME
## September 2014

| Date | Programme |
|---|---|
| 3 | KSSS Animators' Training |
| 3 | KSSS Deafblind Programme Medical Camp |
| 4-6 | Pre-Marriage Course |
| 5 | KSSS CBR CRC |
| 8 | KSSS Coordinators' Meeting |
| 9-12 | Eparchial Assembly |
| 11 | KSSS Beautician Training |
| 13 | KSSS Coordinators' Meeting |
| 13 | KSSS Mushroom Cultivation Training |
| 13 | KSSS Ornaments-making Training |
| 13 | KSSS Candle-making Training |
| 13 | KSSS Flower Arrangement Training |
| 14-15 | KCYL Camp |
| 15 | CML Arts Competition |
| 16-21 | KSSS Golden Jubilee Concluding Celebrations |
| 17 | KCWA Working Committee |
| 22-27 | Co-Operative Bank Employees Tranining |
| 23 | KSSS Co-ordinators Meeting |
| 25 | Knanaya Multistate Co-operative Bank Annual General Body Meeting |
| 26 | Legion of Mary Meeting |
| 28 | Medical Camp |
| 29-Oct. 1 | VHSE Regional Staff Training |
| Oct. 1 | KSSS Animators' Training |
| Oct. 1-5 | KCYL Camp |

# ബൈബിൾ കമ്മീഷൻ

## ലോഗോസ് ക്വിസ് പരീക്ഷ

2014 ലോഗോസ് ക്വിസ് പരീക്ഷ സെപ്റ്റംബർ 28 ഞായറാഴ്ച ഉച്ചക ഴിഞ്ഞ് 2 മണിക്ക് ആരംഭിക്കുന്നതാണ്. ചോദ്യക്കടലാസുകൾ 25-ാം തീയ തിക്ക് മുൻപായി എല്ലാ പള്ളികളിലും എത്തിക്കുന്നതാണ്.

## ബൈബിൾ കലോത്സവം

അതിരൂപതാ ബൈബിൾ കലോത്സവം 2014 നവംബർ 8 ശനിയാഴ്ച ഉഴവൂർ സെന്റ് സ്റ്റീഫൻസ് പള്ളിയിൽ നടത്തപ്പെടുന്നതാണ്. വിവിധ മത്സ രങ്ങൾ അന്നേദിവസം രാവിലെ 9 മണിക്ക് ആരംഭിക്കുന്നതായിരിക്കും.

ഫാ. ജോർജ് പുതുപ്പറമ്പിൽ (ചെയർമാൻ)

# വിശ്വാസ പരിശീലന കമ്മീഷൻ

## സൺഡേ സ്കൂൾ സന്ദർശനം

കാറ്റിക്കിസം കമ്മീഷൻ സൺഡേ സ്കൂൾ സന്ദർശനം 2014 ആഗസ്റ്റ് 3 മുതൽ ആരംഭിച്ചു. ഞായറാഴ്ചകളിൽ സന്ദർശനം നടത്തിവരുന്നു.

## സൺഡേസ്കൂൾ വാർഷിക റിപ്പോർട്ട് ഏൽപ്പിച്ച സ്കൂളുകൾ

**എടയ്ക്കാട്ട് ഫൊറോന**

കത്തീഡ്രൽ, എടയ്ക്കാട്ട്, നീറിക്കാട്, എസ്.എച്ച്. മൗണ്ട്, കാരിത്താസ്, കണ്ണംകര, ഒളശ്ശ, സംക്രാന്തി , ചാരമംഗലം, കുമരകം, പാച്ചിറ, വാക ത്താനം, കിഴക്കേനട്ടാശേരി, മള്ളൂശ്ശേരി. പേരൂർ

**കടുത്തുരുത്തി ഫൊറോനാ**

അറുനൂറ്റിമംഗലം, ഞീഴൂർ, തോട്ടറ, പാഴുത്തുരുത്ത്, പുത്തൻ കല്ലറ, കുറുപ്പന്തറ, കടുത്തുരുത്തി, പൂഴിക്കോൽ, വെള്ളൂർ, ഇരവിമംഗലം, പിറവം

**ഉഴവൂർ ഫൊറോന**

അമനകര, പുതുവേലി, വെളിയന്നൂർ, പയസ്മൗണ്ട്, എടക്കോലി, ചേറ്റു കുളം, ഉഴവൂർ, അരീക്കര, മേനിപ്പള്ളി

**കൈപ്പുഴ ഫൊറോനാ**

ചാമക്കാല, മകുടാലയം, കുറുമുള്ളൂർ, കൈപ്പുഴ, ഏറ്റുമാനൂർ

**ചുങ്കം ഫൊറോന**

ചുങ്കം, കരിങ്കുന്നം, മുട്ടം, പറമ്പഞ്ചേരി, മ്രാല, മാറിക, വാരപ്പെട്ടി, വടക്കുംമുറി

**കിടങ്ങൂർ ഫൊറോന**

ചേർപ്പുങ്കൽ, കൂടല്ലൂർ, മണ്ണൂർ, കട്ടച്ചിറ, കിടങ്ങൂർ, പുന്നത്തുറ

**പടമുഖം ഫൊറോന**

ബൈസൻവാലി, പടമുഖം, തെള്ളിത്തോട്, സേനാപതി, എൻ. ആർ. സിറ്റി

## അർദ്ധവാർഷിക സൺഡേസ്കൂൾ പരീക്ഷ

2014-15 വിശ്വാസ പരിശീലന വർഷത്തിൽ 1 മുതൽ 12 വരെ ക്ലാസുകൾക്ക് ആദ്യ സെമസ്റ്റർ പരീക്ഷ 2014 ഒക്ടോബർ 12-ാം തീയതി ഞായറാഴ്ച ഉച്ചകഴിഞ്ഞ് 2 മുതൽ 4 വരെ നടത്തുന്നതായിരിക്കും. ചോദ്യക്കടലാസുകൾ ഒക്ടോബർ 9-ാം തീയതിക്ക് മുമ്പായി അതാത് ഫൊറോനാ സെന്ററുകളിൽ എത്തിക്കുന്നതാണ്.

പത്താം ക്ലാസിലെയും HCC II ന്റെയും വാർഷികപ്പരീക്ഷയുടെ രജിസ്ട്രേഷൻ ഫോം ചോദ്യപേപ്പറിനൊപ്പം നൽകുന്നതാണ്. അവ പൂരിപ്പിച്ച് 2014 നവംബർ 15ന് മുമ്പായി ഓഫീസിൽ എത്തിക്കുമല്ലോ.

## റെഗുലർ സ്കൂൾ വേദപാഠ, മോറൽ സയൻസ് പരീക്ഷ

2014-2015 അദ്ധ്യയന വർഷത്തിലെ ആദ്യ സെമസ്റ്റർ പരീക്ഷ 2014 ഒക്ടോബർ 17-ാം തീയതി വെള്ളിയാഴ്ച ആയിരിക്കും നടത്തുന്നത്. രാവിലെ 10 മുതൽ 12 വരെ മോറൽ സയൻസിന്റെയും ഉച്ചകഴിഞ്ഞ് 2 മുതൽ 4 വരെ റെഗുലർ സ്കൂൾ വേദപാഠത്തിന്റെയും പരീക്ഷകൾ നടത്താവൂ എന്ന് പ്രത്യേകം ഓർമ്മിപ്പിക്കുന്നു.

ചോദ്യക്കടലാസുകൾ 14-10-2014 ചൊവ്വാഴ്ച മുതൽ മുൻ വർഷങ്ങളിൽ ലഭിച്ചുകൊണ്ടിരിക്കുന്ന ഹൈസ്കൂൾ സെന്ററുകളിൽ നിന്ന് ലഭിക്കുന്നതാണ്.

**ഫാ. ജോസഫ് തറപ്പുതൊട്ടിയിൽ**

(ചെയർമാൻ, വിശ്വാസപരിശീലന കമ്മീഷൻ) 9447259178

# സെന്റ് വിൻസെന്റ് ഡി പോൾ സൊസൈറ്റി

**മോനിപ്പള്ളി A.C. വാർഷികം**

സെന്റ് വിൻസെന്റ് ഡി പോൾ സൊസൈറ്റി മോനിപ്പള്ളി A.C. യുടെ വാർഷികം 20.7.2014 ഞായറാഴ്ച ഉച്ചയ്ക്കുശേഷം അരീക്കര സെന്റ് റോക്കീസ് കോൺഫ്രൻസിൽ വച്ച് നടത്തി. വാർഷിക പരിപാടികൾ 2.15 ന് സെമിനാറോടുകൂടി ആരംഭിച്ചു. കോതമംഗലം C.C. സെക്രട്ടറി ബ്ര. ഫ്രാൻസീസ് കരിമ്പടക്കുഴി സെമിനാറിന് നേതൃത്വം നൽകി. സെമിനാറിനെ തുടർന്ന് A.C. പ്രസിഡന്റ് ബ്ര. വി.കെ. സ്റ്റീഫന്റെ അദ്ധ്യക്ഷതയിൽ ചേർന്ന വാർഷിക പൊതുയോഗം ഇടവക വികാരിയും ആദ്ധ്യാത്മിക ഉപദേഷ്ടാവുമായ ഫാ. ജോസ് നെടുങ്ങാട്ട് ഉദ്ഘാടനം ചെയ്തു. വാർഷിക റിപ്പോർട്ടും കണക്കും അവതരിപ്പിച്ച് പാസ്സാക്കിയതിനെ തുടർന്ന് സംഘടനാ പ്രവർത്തനങ്ങൾ സംബന്ധിച്ച് സജീവമായ ചർച്ചകൾ നടന്നു. C.C. പ്രസിഡന്റ് ബ്ര. കെ.ജെ. ജോസ്. C.C.വൈസ് പ്രസിഡന്റ് ബ്ര. വി.റ്റി. സ്റ്റീഫൻ, A.C.സെക്രട്ടറി ബ്ര. എ.ജെ. ഫിലിപ്പ്, ആതിഥേയ കോൺഫ്രൻസ് പ്രസിഡന്റ് ബ്ര. C.C. ജോസഫ്, ഉഴവൂർ ലൂർദ്മാതാ കോൺഫ്രൻസ് പ്രസിഡന്റ് ബ്ര. റ്റി.ജെ. സണ്ണി എന്നിവരും പ്രസംഗിച്ചു.

**A.C. കൾക്ക് പുതിയ നേതൃത്വം**

കോട്ടയം C.C. യിലെ കോട്ടയം, ചുങ്കം A.C. പ്രസിഡന്റുമാരുടെ കാലാവധി പൂർത്തിയായതിനെ തുടർന്ന് പകരം പുതിയ പ്രസിഡന്റുമാരെ തെരഞ്ഞെടുക്കുകയും അവരുടെ നേതൃത്വത്തിൽ പുതിയ ഭരണസമിതി ചുമതലയേല്ക്കുകയും ചെയ്തു.

**കോട്ടയം C.C.**

| | |
|---|---|
| പ്രസിഡന്റ് :- | ബ്ര. ജോസ് റ്റി. മറ്റത്തിൽ (കിഴക്കേനട്ടാശ്ശേരി) |
| വൈസ് പ്രസിഡന്റ്:- | ബ്ര. വി.ഒ. ജോൺ വെട്ടുകുഴിയിൽ (സംക്രാന്തി) |
| | സി.ആൻ തോമസ് ചാഴികാട്ട് (നട്ടാശ്ശേരി -W) |
| സെക്രട്ടറി :- | ബ്ര. പി.പി. സൈമൺ പുത്തൻപറമ്പിൽ (മള്ളൂശ്ശേരി) |

| | |
|---|---|
| ട്രഷറർ :- | സി. ആൻസി സണ്ണി വെട്ടത്തുകണ്ടത്തിൽ (നട്ടാശ്ശേരി - W) |

**ചുങ്കം A.C.**

| | |
|---|---|
| പ്രസിഡന്റ് :- | ബ്ര. ലൂമോൻ പി. ജോസഫ് പാലത്തിങ്കൽ (മാറിക) |
| വൈസ്പ്രസിഡന്റ്:- | ബ്ര. ജോസ് കൊച്ചുവീട്ടിൽ (പറമ്പഞ്ചേരി) |
| സെക്രട്ടറി:- | ബ്ര. ചാക്കോ മുളയിങ്കൽ (ചുങ്കം) |
| ജോ. സെക്രട്ടറി:- | ബ്ര. തങ്കച്ചൻ ജോൺ പ്ലാക്കൂട്ടത്തിൽ (മുട്ടം) |
| ട്രഷറർ :- | ബ്ര. സി.റ്റി. ഇമ്മാനുവൽ ചക്കാലയിൽ (മാറിക) |

**കെ. ജെ. ജോസ് കോതാലടിയിൽ**
(പ്രസിഡന്റ്)

# ലീജിയൻ ഓഫ് മേരി

## എക്സിക്യൂട്ടീവ് മീറ്റിംഗ്

ലീജിയൻ ഓഫ് മേരിയുടെ എക്സിക്യൂട്ടീവ് മീറ്റിംഗ് 5-8-14 ഉച്ചകഴിഞ്ഞ് 2 മണിക്ക് ചാപ്ലയിൻ ജോസ് കുറുപ്പന്തറ അച്ചന്റെ നേതൃത്വത്തിൽ ചൈതന്യാ പാസ്റ്ററൽ സെന്ററിൽവച്ച് കൂടുകയുണ്ടായി. കൊമ്മീസിയം ഭാരവാഹികളും മറ്റ് കൂറിയാ, പ്രസീദിയം ഭാരവാഹികളെല്ലാം യോഗത്തിൽ പങ്കെടുത്തു. എല്ലാ മാസവും ആദ്യത്തെ ചൊവ്വാഴ്ച യോഗം കൂടാമെന്ന് തീരുമാനിച്ചു. ലീജിയൻ എല്ലാ ഇടവകകളിലും ആരംഭിക്കുന്നതിനും ലീജിയൻ പ്രവർത്തനങ്ങളെപ്പറ്റി മറ്റുള്ളവർക്ക് അവബോധം കൊടുക്കുന്നതിനും വേണ്ടി ലീജിയൻ ഡയറക്ടറി ഉണ്ടാക്കുന്നതിന് യോഗം തീരുമാനിച്ചു. 16-9-14ൽ ലിജിയൻ ഓഫ് മേരിയുടെ സെപ്റ്റംബർ സമ്മേളനം ചൈതന്യാ പാസ്റ്ററൽ സെന്ററിൽ വച്ച് രാവിലെ 9.30ന് ആരംഭിച്ച് വൈകിട്ട് 3.30ന് വി. കുർബാനയോടെ സമാപിക്കും.

സെക്രട്ടറി / പ്രസിഡന്റ്

# ചെറുപുഷ്പ മിഷൻലീഗ്

ചെറുപുഷ്പ മിഷൻലീഗ് കോട്ടയം അതിരൂപതയുടെ സീനിയർ വിഭാഗം നേതൃത്വപരിശീലന ക്യാമ്പ് ആഗസ്റ്റ് 15,16,17 തീയതികളിൽ ചൈതന്യ പാസ്റ്ററൽ സെന്ററിൽ വച്ചു നടത്തി. ആർച്ച് ബിഷപ്പ് മാർകുര്യാക്കോസ് കുന്നശേരി ക്യാമ്പ് ഉദ്ഘാടനം ചെയതു. വിവിധ ഇടവകകളിൽ നിന്നായി 48 കുട്ടികൾ ക്യാമ്പിൽ സംബന്ധിച്ചു.

## വചനാനുഭവം - ഫോൺ ക്വിസ്

മിഷൻലീഗിന്റെ ആഭിമുഖ്യത്തിൽ നടത്തപ്പെടുന്ന വചനാനുഭവം ബൈബിൾ ക്വിസ് മത്സരത്തിന് ആഗസ്റ്റ് മാസത്തിൽ കൈപ്പുഴ ഫൊറോലയിൽ നിന്നുള്ള അംഗങ്ങൾ പങ്കെടുത്തു. സെപ്റ്റംബർ മാസത്തിൽ ഇടയ്ക്കാട്ട് ഫൊറോനയിലെ അംഗങ്ങളാണ് വിളിക്കേണ്ടത്.

**ഫാ. ജോബി പൂച്ചുകണ്ടത്തിൽ** (ഡയറക്ടർ)

# കെ. സി. വൈ. എൽ.

## സാമൂഹിക തിന്മകൾക്കെതിരെ കൂട്ടയോട്ടം

## "Together we run"

അതിരൂപതാ സമിതിയുടെ ആഭിമുഖ്യത്തിൽ ആധുനിക യുഗത്തിലെ സാമൂഹിക തിന്മകൾക്കും ലഹരിവസ്തുക്കൾക്കും എതിരായി, സമൂഹ മനസാക്ഷിയെ ഉണർത്തുന്നതിനായി കൂട്ടയോട്ടം സംഘടിപ്പിക്കുന്നു. സെപ്റ്റംബർ 28-ാം തീയതി ഞായറാഴ്ച ഉച്ചകഴിഞ്ഞ് 2.30ന് കോട്ടയം നെഹ്റു സ്റ്റേഡിയത്തിൽ നിന്നാണ് Together we run എന്ന് പേര് നൽകിയിരിക്കുന്ന കൂട്ടയോട്ടം ആരംഭിക്കുന്നത്. കൂട്ടയോട്ടത്തിനായി ഗ്രൗണ്ടിൽ എത്തുന്ന ആദ്യത്തെ 1000 യുവജനങ്ങൾക്ക് ടീഷർട്ടുകൾ നൽകുന്നതായിരിക്കും. ടീ ഷർട്ടുകൾ അണിഞ്ഞ യുവജനങ്ങൾ നിർബന്ധമായും കൂട്ടയോട്ടത്തിന്റെ മുൻവശത്തായി അണിനിരക്കേണ്ടതാണ്. നെഹ്റു സ്റ്റേഡിയത്തിൽ നിന്നും ആരംഭിക്കുന്ന കൂട്ടയോട്ടം എം.സി. റോഡിലൂടെ മുന്നോട്ട് പോകുന്നതായിരിക്കും. ബേക്കർ ജംഗ്ഷൻ, ശീമാട്ടി റൗണ്ടാന എന്നീ

സ്ഥലങ്ങൾ പിന്നിട്ടശേഷം സെൻട്രൽ ജംഗ്ഷനിലുള്ള ഗാന്ധിപ്രതിമയുടെ മുന്നിൽ വച്ച് കെ.സി.വൈ.എൽ. അംഗങ്ങൾ ലഹരിവിരുദ്ധ പ്രതിജ്ഞ എടുക്കുന്നു. തുടർന്ന് കൂട്ടയോട്ടം കെ.കെ. റോഡിലൂടെ തുടരുകയും ബി,സി.എം കോളേജിൽ സമാപിക്കുകയും ചെയ്യും. പരിപാടിയുടെ സമാപനസമ്മേളനം ബി.സി.എം. കോളേജ് ഓഡിറ്റോറിയത്തിൽ വച്ച് നടത്തപ്പെടുന്നതാണ്. കൂട്ടയോട്ടത്തിൽ പങ്കെടുക്കാൻ ആഗ്രഹിക്കുന്ന കെ.സി.വൈ.എൽ. യൂണിറ്റുകൾ പങ്കെടുക്കുന്ന അംഗങ്ങളുടെ പേരുകൾ സഹിതം സെപ്റ്റംബർ 14-ാം തീയതിക്ക് മുമ്പായി നിർദ്ദിഷ്ട ഫോമിൽ രജിസ്റ്റർ ചെയ്യേണ്ടതാണ്. രജിസ്ട്രേഷൻ ഫോം www.kcyl.in എന്ന അതിരൂപതാസമിതിയുടെ വെബ്സൈറ്റിൽ നിന്നും ഡൗൺലോഡ് ചെയ്യാവുന്നതാണ്.

## ക്നാനായ ശിൽപശാല – ഫൊറോനതല ക്യാമ്പുകൾ

കെ.സി.വൈ.എൽ. അതിരൂപതാ സമിതി മെയ് മാസത്തിൽ സംഘടിപ്പിച്ച ക്നാനായ ശില്പശാലയുടെ രണ്ടാംഘട്ടം എന്ന നിലയിൽ അതിരൂപതയിലെ എല്ലാ ഫൊറോനകളിലും സമുദായ പഠന ക്യാമ്പ് സംഘടിപ്പിക്കുന്നു. ഫൊറോന സമിതികളുമായി ചേർന്ന് ക്നാനായ ശില്പശാല എന്ന പേരിൽ തന്നെയാണ് ക്യാമ്പുകൾ സംഘടിപ്പിക്കുന്നത്. മൂന്നു ദിവസം നീണ്ടുനിൽക്കുന്ന സമുദായ ബോധവൽക്കരണ ക്യാമ്പിൽ കേരള സുറിയാനി കത്തോലിക്ക സഭയിൽ ക്നാനായ സമുദായത്തിന്റെ പങ്ക്, സമുദായ ചരിത്രം, ആചാരങ്ങളുടെ അർത്ഥവും അനുഷ്ഠിക്കേണ്ട രീതികളും, സമുദായത്തിന്റെ ഭാവിയിൽ യുവജനങ്ങളുടെ പങ്കാളിത്തം എന്നീ വിഷയങ്ങളിൽ ക്ലാസ്സുകളും ചർച്ചകളും നടത്തപ്പെടും. ഓരോ ഫൊറോനയിലും ഓരോ ക്യാമ്പുകൾ സംഘടിപ്പിക്കുന്നതിന്റെ ആദ്യഘട്ടം സെപ്റ്റംബർ 8, 9, 10 തീയതികളിൽ പടമുഖം ഫൊറോനയിലെയും 12, 13, 14 തീയതികളിൽ ഉഴവൂർ ഫൊറോനയിലെയും ക്യാമ്പുകൾ നടത്തപ്പെടുന്നതാണ്. മറ്റ് ഫൊറോനകളും ക്യാമ്പുകൾ നടത്തുന്നതിനുള്ള തീയതികൾ അതിരൂപതാ ഭാരവാഹികളുമായി ആലോചിച്ച് മുൻകൂട്ടി നിശ്ചയിക്കുവാൻ ശ്രദ്ധിക്കുമല്ലോ.

**ദിനൂപ് പി. മലയിൽ**
അതിരൂപതാ ജനറൽ സെക്രട്ടറി

# കോട്ടയം സോഷ്യൽ സർവ്വീസ് സൊസൈറ്റി

## സുവർണ്ണജൂബിലി സമാപനം സെപ്റ്റംബർ 16 മുതൽ 21 വരെ

കോട്ടയം അതിരൂപതയുടെ സാമൂഹ്യ സേവന വിഭാഗമായ കോട്ടയം സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ ഒരുവർഷക്കാലം നീണ്ടു നിന്ന കെ.എസ്.എസ്.എസ് സുവർണ്ണജൂബിലി ആഘോഷങ്ങളുടെ സമാപനം 2014 സെപ്തംബർ 16 മുതൽ 21 വരെ ചൈതന്യയിൽ നടത്തപ്പെടും.

2013 സെപ്റ്റംബർ 14ന് ബഹു. കേരള ഗവർണ്ണർ നിഖിൽ കുമാർ തിരി തെളിച്ച് ഉദ്ഘാടനം നിർവ്വഹിച്ച് തുടങ്ങിയ ഒരു വർഷക്കാലം നീണ്ടുനിന്ന സുവർണ്ണ ജൂബിലി ആഘോഷങ്ങൾക്കാണ് വർണ്ണാഭമായ ചടങ്ങുകളോടെ പരിസമാപ്തി കുറിക്കുന്നത്. ഒട്ടനവധി ജൂബിലി കർമ്മ പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കിയാണ് കെ.എസ്.എസ്.എസ് സുവർണ്ണ ജൂബിലി സമാപനത്തിലേക്ക് നടന്നടുക്കുന്നത്.

### മെഗാ കർഷകദമ്പതി സംഗമം സെപ്റ്റംബർ 16 ന്

കോട്ടയം സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ സുവർണ്ണ ജൂബിലി ആഘോഷങ്ങളുടെ സമാപനത്തോടനുബന്ധിച്ച് മെഗാ കർഷക ദമ്പതി സംഗമം സംഘടിപ്പിക്കുന്നു. സെപ്തംബർ 16 ചൊവ്വാഴ്ച രാവിലെ 10 മുതൽ ചൈതന്യയിലാണ് സംഗമം സംഘടിപ്പിച്ചിരിക്കുന്നത്. കുടുംബ മൂല്യങ്ങളും കാർഷിക സംസ്ക്കാരവും കൂടുതൽ ദൃഢപ്പെടുത്തുക എന്ന ലക്ഷ്യത്തോടെയാണ് സംഗമം സംഘടിപ്പിക്കുന്നത്. സുവർണ്ണ ജൂബിലി വർഷത്തിൽ കെ.എസ്.എസ്.എസിന്റെ വിവിധ പ്രവർത്തന ഗ്രാമങ്ങളിലായി സംഘടിപ്പിച്ച ഗ്രാമതല കർഷക ദമ്പതി സംഗമങ്ങളുടെ തുടർച്ചയായാണ് കേന്ദ്രതലത്തിൽ മെഗാ കർഷക ദമ്പതി സംഗമം സംഘടിപ്പിക്കുന്നത്. സംഗമത്തോടനുബന്ധിച്ച് വിജ്ഞാനദായക സെമിനാർ, കലാപരിപാടികൾ, കർഷക ദമ്പതികളെ ആദരിക്കൽ, ഭാഗ്യ ദമ്പതി നറുക്കെടുപ്പ്, വിവിധ മത്സരങ്ങൾ തുടങ്ങിയ നിരവധിയായ ക്രമീകരണങ്ങളാണ് ഒരുക്കിയിരിക്കുന്നത്.

### വയോജക് 2014 – അനുഭവ കൂട്ടായ്മ സെപ്റ്റംബർ 17 ന്

കോട്ടയം സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ സുവർണ്ണ ജൂബിലി സമാപന ആഘോഷങ്ങളോടനുബന്ധിച്ച് വയോജക് 2014

അനുഭവ കൂട്ടായ്മ സെപ്റ്റംബർ 17-ാം തീയതി സംഘടിപ്പിക്കുന്നു. വൃദ്ധ ജനങ്ങളുടെ സന്തോഷത്തിനും അവരിൽ അന്തർലീനമായ കഴിവുകളെ സമൂഹ മദ്ധ്യത്തിൽ ഉയർത്തിപ്പിടിക്കുക എന്നീ ലക്ഷ്യങ്ങളോടെയാണ് സംഗമം നടത്തുന്നത്. സംഗമത്തോടനുബന്ധിച്ച് ജൂബിലി മുത്തശ്ശൻ-മുത്തശ്ശി, അരിപേറ്റൽ മത്സരം, കുരവയിടീൽ മത്സരം, മുയൽ ഓട്ടമത്സരം തുടങ്ങിയ മത്സരങ്ങളും കൂടാതെ സെമിനാറുകൾ, കലാപരിപാടികൾ, വിവിധ മാതൃക വികസന നേട്ടങ്ങൾ കൈവരിച്ചവരുടെ അനുഭവം പങ്കുവയ്ക്കൽ, പൊതുസമ്മേളനം എന്നിവ ഉണ്ടായിരിക്കും.

## വരുമാന സംരംഭകരുടെ സംഗമവും ലോൺമേളയും സെപ്റ്റംബർ 18 ന്

കെ.എസ്.എസ്.എസ് സ്വാശ്രയസംഘ പ്രവർത്തനങ്ങളിൽ നിന്നും പ്രചോദനമുൾക്കൊണ്ട് വരുമാന സംരംഭങ്ങൾ തുടങ്ങി വിജയംവരിച്ചവരുടെയും പുതുതായി വരുമാന സംരംഭങ്ങൾ തുടങ്ങുവാനോ നിലവിലുള്ളവ വികസിപ്പിക്കുന്നതിനോ മൂലധനം ആവശ്യമുള്ളവരുടെയും സംഗമം ചൈതന്യയിൽ സംഘടിപ്പിക്കുന്നു. സെപ്റ്റംബർ 18-ാം തീയതി ചൈതന്യയിലാണ് സംഗമവും ലോൺമേളയും സംഘടിപ്പിക്കുന്നത്. സ്വയം തൊഴിലിലൂടെ വരുമാനം കണ്ടെത്തുവാൻ ഉതകുന്ന വിവിധങ്ങളായ വരുമാന പദ്ധതികൾ ചെയ്യുന്നതിനായി ഒരു കോടി രൂപ സ്വാശ്രയ സംരംഭക ലോൺ മേളയിലൂടെ ലഭ്യമാക്കും

## സ്വാശ്രയ നേതൃസംഗമം സെപ്റ്റംബർ 19 ന്

അഞ്ച് ജില്ലകളിലായി പ്രവർത്തിക്കുന്ന എല്ലാ സ്വാശ്രയ സംഘങ്ങളുടെയും ഭരാവാഹികളേയും ഫെഡറേഷൻ അംഗങ്ങളെയും ഉൾച്ചേർത്തുകൊണ്ട് സ്വാശ്രയ നേതൃസംഗമം സംഘടിപ്പിക്കുന്നു. സെപ്റ്റംബർ 19-ാം തീയതി രാവിലെ 11 മുതൽ ചൈതന്യയിലാണ് നേതൃസംഗമം സംഘടിപ്പിക്കുന്നത്.

## കെ.എസ്.എസ്.എസ് – ചൈതന്യ സ്റ്റാഫ് കുടുംബസംഗമം സെപ്റ്റംബർ 20 ന്

കെ.എസ്.എസ്.എസ്. സുവർണ്ണജൂബിലി സമാപനാഘോഷങ്ങളോടനുബന്ധിച്ച് കെ.എസ്.എസ്.എസ് ചൈതന്യ സ്റ്റാഫ് അംഗങ്ങളുടെ

കുടുംബസംഗമം സംഘടിപ്പിക്കുന്നു. ചൈതന്യയിലും കെ.എസ്.എസ്.എസിലും മുൻകാലങ്ങളിൽ സേവനം അനുഷ്ഠിച്ച വരുടെയും കൂടിച്ചേരലിന് സംഗമം വഴിയൊരുക്കും. സെപ്റ്റംബർ 20 ന് രാവിലെ 11 മുതൽ ചൈതന്യയിലാണ് കുടുംബ സംഗമം സംഘടിപ്പിച്ചിരിക്കുന്നത്. സംഗമത്തോടനുബന്ധിച്ച് വിവിധ മത്സരങ്ങളും കലാപരിപാടികളും ഉണ്ടായിരിക്കുന്നതാണ്.

## കെ.എസ്.എസ്.എസ്. സുവർണ്ണ ജൂബിലി സമാപനം സെപ്റ്റംബർ 21 ന്

ഒരു വർഷക്കാലം നീണ്ടു നിന്ന കെ.എസ്.എസ്.എസ്. സുവർണ്ണ ജൂബിലി ആഘോഷങ്ങളുടെ സമാപനം സെപ്റ്റംബർ 21ന് നടത്തപ്പെടും. ചൈതന്യ ഓഡിറ്റോറിയത്തിൽ സംഘടിപ്പിക്കുന്ന വർണ്ണാഭമായ ചടങ്ങിൽ മത സാമൂഹ്യ സാംസ്ക്കാരിക രംഗത്തെ പ്രമുഖരുടെ സാന്നിദ്ധ്യം സമാപന സമ്മേളനത്തെ പ്രൗഢമാക്കും.

## 17-ാമത് ചൈതന്യ കാർഷിക മേള നവംബർ 26 മുതൽ 30 വരെ

അമ്പത്തിഅയ്യായിരത്തിൽപരം കെ.എസ്.എസ്.എസ് സ്വാശ്രയ സംഘാംഗങ്ങളുടെ കുടുംബമഹോത്സവമായ സ്വാശ്രയസംഘ മഹോത്സവവും ഒപ്പം കാർഷിക കേരളത്തിന്റെ ഉത്സവവുമായ 17-ാമത് ചൈതന്യകാർഷികമേളയും നവംബർ 26 മുതൽ 30 വരെ തീയതികളിൽ ചൈതന്യ പാസ്റ്ററൽ സെന്ററിൽ സംഘടിപ്പിക്കുന്നു. വ്യത്യസ്തവും പുതുമനിറഞ്ഞതുമായ വിഭവങ്ങളാണ് ഒരുക്കുന്നത്. സെമിനാറുകൾ, പ്രശ്നോത്തരികൾ, കാർഷികവിള പ്രദർശനങ്ങൾ, കാർഷിക മത്സരങ്ങൾ, ആസ്വാദ്യകരമായ കലാദൃശ്യവിരുന്നുകൾ, മെഡിക്കൽ ക്യാമ്പുകൾ, എക്സിബിഷനുകൾ, പ്രദർശന വിപണനസ്റ്റാളുകൾ, പൗരാണികഭോജനശാല, അമ്യൂസ്മെന്റ് പാർക്ക്, പക്ഷിമൃഗാദികളുടെ പ്രദർശനവും വിപണനവും, സമൂഹ്യക്ഷേമ കർമ്മപദ്ധതികളുടെ ഉദ്ഘാടനം, സ്വാശ്രയസംഘ കലാവിരുന്നുകൾ എന്നിവയും വിശിഷ്ടവ്യക്തികളുടെ സാന്നിദ്ധ്യവും മേളയെ ആകർഷണീയമാക്കും.

## ചൈതന്യ ജീവകാരുണ്യ നിധി സമ്മാന കൂപ്പൺ

സ്വാശ്രയസംഘാംഗങ്ങളുടെ കുടുംബ മഹോത്സവമായ 17-ാമത്

ചൈതന്യ കാർഷികമേളയോടും സ്വാശ്രയസംഘ മഹോത്സവ ത്തോടും അനുബന്ധിച്ച് അകർഷക സമ്മാനങ്ങളുമായി ചൈതന്യ ജീവകാരുണ്യ നിധി വിഭവസമാഹരണ കൂപ്പൺ തയ്യാറാക്കിയിരി ക്കുന്നു. മാറാരോഗങ്ങൾ ഉൾപ്പെടെ അപ്രതീക്ഷിതമായ നിരവധി രോഗങ്ങളുടെ ബുദ്ധിമുട്ടുകൾ നേരിടേണ്ടി വരുന്ന നിർദ്ധന കുടുംബങ്ങൾക്ക് ഒരു കൈതാങ്ങായി മാറുകയെന്ന ലക്ഷ്യത്തോ ടെ വിഭാവനം ചെയ്തിരിക്കുന്ന ചൈതന്യ ജീവകാരുണ്യനിധി ചികിത്സാ സഹായ നിധിയിലേക്കാണ് സമ്മാനക്കൂപ്പണിലൂടെ ഫണ്ട് സമാഹരണം നടത്തുന്നത്. കൂപ്പൺ ഒന്നിന് 10 രൂപയാണ്.

### കാർഷികമേള സ്റ്റാൾ ബുക്കിംഗിന് അവസരം

ചൈതന്യ കാർഷികമേളയോടനുബന്ധിച്ച് നവംബർ 26 മുതൽ 30 വരെ തീയതികളിൽ വിവിധ സ്റ്റാളുകൾ ക്രമീകരിക്കുന്നതിന് സ്വാശ്രയസംഘാംഗങ്ങൾക്കും ഇതര തത്പര വ്യക്തികൾക്കും അവ സരം ഒരുക്കുന്നു. ബുക്കിംഗ് സംബന്ധിച്ച വിശദാംശങ്ങൾ വരും ലക്കം സംഘചൈതന്യയിൽ അറിയിക്കുന്നതാണ്.

### മേഖലാവിള പ്രദർശന മത്സരം

17-ാമത് സ്വാശ്രയ സംഘമഹോത്സവത്തോടും ചൈതന്യ കാർഷികമേളയോടുമനുബന്ധിച്ച് മേഖലാടിസ്ഥാനത്തിൽ വിപുല മായ രീതിയിൽ വിളപ്രദർശന മത്സരം സംഘടിപ്പിക്കുന്നു. കെ.എ സ്.എസ്.എസിന്റെ 8 പ്രവർത്തന മേഖലകളിലുള്ള സംഘാംഗങ്ങൾ അവരുടെ കൃഷിയിടങ്ങളിൽ ഉൽപാദിപ്പിക്കുന്ന ഏറ്റവും മികച്ച കാർഷിക ഉൽപന്നങ്ങളാണ് പ്രദർശനത്തിനായി ഒരുക്കേണ്ടത്. മേഖ ലാടിസ്ഥാനത്തിൽ ഏറ്റവും കൂടുതൽ വിളകൾ ആകർഷകമായ രീതി യിൽ ക്രമീകരിച്ച് പ്രദർശിപ്പിക്കുന്ന മേഖലകൾക്ക് പ്രത്യേക സമ്മാ നങ്ങളും നൽകുന്നതാണ്.

## പരിശീലനങ്ങൾ

### ബ്യൂട്ടീഷ്യൻ പരിശീലനം

15 ദിവസം നീണ്ടു നിൽക്കുന്ന ബ്യൂട്ടീഷ്യൻ പരിശീലനം സെപ്റ്റംബർ 11 വ്യാഴാഴ്ച മുതൽ ചൈതന്യ കമ്മ്യൂണിറ്റി കോളേ ജിൽ സംഘടിപ്പിക്കുന്നു.

## കൂൺ കൃഷി പരിശീലനം

കൂൺകൃഷി പരിശീലനം സെപ്റ്റംബർ 13 ശനിയാഴ്ച രാവിലെ 10.30 മുതൽ ചൈതന്യ കമ്മ്യൂണിറ്റി കോളേജിൽ സംഘടിപ്പിക്കുന്നു. പരിശീലനം പൂർത്തിയാക്കി കൂൺകൃഷി യൂണിറ്റ് തുടങ്ങുവാനാഗ്രഹിക്കുന്നവർക്ക് കൂൺ കൃഷി തുടങ്ങുന്നതിന് ആവശ്യമായ സാമഗ്രികൾ ചൈതന്യ കാർഷിക നേഴ്സറിയിൽ നിന്ന് ലഭ്യമാക്കും.

## ആഭരണ നിർമ്മാണ പരിശീലനം

സെപ്റ്റംബർ 13 ശനിയാഴ്ച ചൈതന്യയിൽ ആഭരണനിർമ്മാണ പരിശീലനം സംഘടിപ്പിക്കുന്നു. ആഭരണ നിർമ്മാണത്തിന്റെ പ്രാഥമിക പരിശീലനം, കമ്പികെട്ട് ആഭരണ നിർമ്മാണം എന്നിവയാണ് പരിശീലനത്തോടനുബന്ധിച്ച് ക്രമീകരിച്ചിരിക്കുന്നത്.

## മെഴുകുതിരി നിർമ്മാണ പരിശീലനം

സെപ്റ്റംബർ 13 ശനിയാഴ്ച രാവിലെ 10.30 മുതൽ ചൈതന്യയിൽ പ്രവർത്തിക്കുന്ന മെഴുകുതിരി നിർമ്മാണ യൂണിറ്റിൽ നിന്നാണ് പരിശീലനം ലഭ്യമാക്കുക.

## ഫ്ളവർ അറേഞ്ച്മെന്റ് പരിശീലനം

സെപ്റ്റംബർ 13 ശനിയാഴ്ച രാവിലെ 10.30 മുതൽ ചൈതന്യയിൽ ഫ്ളവർ അറേഞ്ച്മെന്റ് പരിശീലനം സംഘടിപ്പിക്കുന്നു. ബൊക്കെകൾ, ടേബിൾ ഫ്ളവർ അറേഞ്ച്മെന്റ്, കാർ ഡെക്കറേഷൻ, ബ്രൈഡൽ ബൊക്കെ തുടങ്ങിയവയിലാണ് പരിശീലനം നൽകുക.

# കെ.എസ്.എസ്.എസ് പോയവാരങ്ങളിൽ

## അക്ഷരനഗരിയിൽ ആവേശം വിതറി സ്വാശ്രയോത്സവ് 2014

കോട്ടയം സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ നേതൃത്വത്തിൽ സംസ്ഥാന സ്പോർട്സ് വകുപ്പിന്റെയും കോട്ടയം മുനിസിപ്പാലിറ്റിയുടെയും സഹകരണത്തോടെ സംസ്ഥാനതല സ്വാശ്രയസംഘ കലാകായിക മേളയായ 'സ്വാശ്രയോത്സവ് 2014' സംഘടിപ്പിച്ചു. കോട്ടയം നെഹ്റു സ്റ്റേഡിയത്തിൽ ആരംഭിച്ച കായിക മത്സരങ്ങളുടെ ഉദ്ഘാടനം സംസ്ഥാന വന ഗതാഗത സ്പോട്സ് വകുപ്പ് മന്ത്രി തിരുവഞ്ചൂർ രാധാകൃഷ്ണൻ

നിർവ്വഹിച്ചു. കോട്ടയം മുനിസിപ്പൽ ചെയർമാൻ എം.പി സന്തോഷ് കുമാർ അദ്ധ്യക്ഷത വഹിച്ചു. കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ പ്രസിഡന്റ് പത്മിനി തോമസ്, കെ.എസ്.എസ്.എസ് സെക്രട്ടറി ഫാ. മൈക്കിൾ വെട്ടിക്കാട്ട്, കോട്ടയം മുനിസിപ്പൽ കൗൺസിലർമാരായ സിൻസി പാറേൽ, റ്റി.സി. റോയി, അനിൽ കുമാർ, കോട്ടയം ജില്ലാ സ്പോർട്സ് കൗൺസിൽ പ്രസിഡന്റ് അയ്മനം ബാബു, നാഷണൽ ഗെയിംസ് ഡിസ്ട്രിക്റ്റ് ചീഫ് കോർഡിനേറ്റർ പി.റ്റി. തോമസ്, കെ.എസ്.എസ്.എസ് അസി. സെക്രട്ടറിമാരായ ഫാ. ബിൻസ് ചേത്തലിൽ, ഫാ. ബിബിൻ കണ്ടോത്ത് തുടങ്ങിയവർ പ്രസംഗിച്ചു. കായിക മത്സരങ്ങൾക്കുള്ള സമ്മാനദാനം സംസ്ഥാന വനിതാ കമ്മീഷൻ അംഗം ഡോ. പ്രമീള ദേവി.ജെ, കോട്ടയം ആർ.ടി.ഒ ടി.ജെ തോമസ് എന്നിവർ നിർവ്വഹിച്ചു.

കലാകായിക വിഭാഗത്തിലുള്ള ഓവറോൾ ചാമ്പ്യൻഷിപ്പ് കോട്ടയം ജില്ലയിലെ വിജയപുരം സോഷ്യൽ സർവ്വീസ് സൊസൈറ്റി കരസ്ഥമാക്കി. രണ്ടാം സ്ഥാനം ഇടുക്കി ജില്ലയിലെ ഗ്രീൻവാലി ഡെവലപ്പ്മെന്റ് സൊസൈറ്റിക്ക് ലഭിച്ചു. രണ്ട് ദിവസങ്ങളിലായി സംഘടിപ്പിച്ച കലാകായിക മേളയിൽ സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നായി അഞ്ഞൂറോളം സ്വാശ്രയസംഘാംഗങ്ങൾ പങ്കെടുത്തു.

## കർഷക ദിനാചരണം സംഘടിപ്പിച്ചു

കോട്ടയം സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ നേതൃത്വത്തിൽ ചേർപ്പുങ്കൽ സമരിറ്റൻ റിസോഴ്സ് സെന്ററിൽ കർഷക ദിനാചരണം സംഘടിപ്പിച്ചു. ദിനാചരണത്തിന്റെ ഉദ്ഘാടനം ധനകാര്യ വകുപ്പ് മന്ത്രി കെ.എം. മാണി നിർവ്വഹിച്ചു. കോട്ടയം അതിരൂപത സഹായ മെത്രാൻ മാർ ജോസഫ് പണ്ടാരശ്ശേരിൽ ചടങ്ങിൽ അദ്ധ്യക്ഷത വഹിച്ചു. മോൻസ് ജോസഫ് എം.എൽ.എ, നബാർഡ് ജനറൽ മാനേജർ എൻ. രമേശ്, കോട്ടയം ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് നിർമ്മല ജിമ്മി, കെ.എസ്.എസ്.എസ് സെക്രട്ടറി ഫാ. മൈക്കിൾ വെട്ടിക്കാട്ട്, കോട്ടയം ജില്ലാ പോലീസ് മേധാവി എം.പി ദിനേശ് ഐ.പി.എസ്, കിടങ്ങൂർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് കെ.എം. രാധാകൃഷ്ണൻ, നബാർഡ് കോട്ടയം ജില്ലാ ഡെവലപ്പ്മെന്റ് മാനേജർ ഷാജി സക്കറിയ, കെ.എസ്.എസ്.എസ് അസി. സെക്രട്ടറിമാരായ ഫാ. ബിൻസ് ചേത്തലിൽ, ഫാ. ബിബിൻ കണ്ടോത്ത് എന്നിവർ പ്രസംഗിച്ചു.

ദിനാചരണത്തോടനുബന്ധിച്ച് രാവിലെ 10.30 ന് നടത്തപ്പെട്ട ജൈവവൈവിധ്യ സംരക്ഷണ സെമിനാറിന് പെരിയാർ ടൈഗർ റിസേർവ് സെക്ഷൻ ഫോറസ്റ്റ് ഓഫീസർ കെ.ഇ സന്തോഷ് നേതൃത്വം നൽകി. ഉച്ചകഴിഞ്ഞ് കർഷക സംഗമവും ഭാവിപ്രവർത്തനങ്ങളുടെ ആസൂത്രണവും നടത്തപ്പെട്ടു. തുടർന്ന് കർഷകദിന റാലിയും കർഷകർക്കായി വലവീശൽ മത്സരവും നടത്തപ്പെട്ടു. പുരുഷന്മാർക്കായി സംഘടിപ്പിച്ച വലവീശൽ മത്സരത്തിൽ മാത്യു മത്തായി കിടങ്ങൂർ, അപ്പുക്കുട്ടൻ പുത്തൻ കല്ലറ, ചാണ്ടി ഒളശ്ശ എന്നിവരും വനിതാ വിഭാഗത്തിൽ ശാന്തിനി അശോകൻ വെച്ചൂർ, ഷൈലജാ ബെന്നി വടക്കുമ്മുറി, മേരി പത്രോസ് നീണ്ടൂർ എന്നിവരും യഥാക്രമം ഒന്ന് രണ്ട് മൂന്ന് സ്ഥാനങ്ങൾ കരസ്ഥമാക്കി. കൂടാതെ മാതൃകാ കർഷകർക്കായി സംഘടിപ്പിച്ച ലേഖന മത്സരത്തിൽ വിജയികളായ എം.ജെ ലൂക്കോസ് കൈപ്പുഴ, തറസീലാ മാത്യു കൈപ്പുഴ, ബിജോയി ചെറിയാൻ പുത്തൻ കല്ലറ എന്നിവർക്കുള്ള സമ്മാനങ്ങളും വിതരണം ചെയ്തു.

കർഷകദിനത്തോടനുബന്ധിച്ച് ദേശീയ ഗ്രാമീണ വികസന ബാങ്കായ നബാർഡുമായി സഹകരിച്ച് കെ.എസ്.എസ്.എസ് രൂപം നൽകിയിരിക്കുന്ന ഫാം ക്ലബുകളുടെയും സംസ്ഥാന ഭവന നിർമ്മാണ ബോർഡിന്റെ പങ്കാളിത്തത്തോടെ നടപ്പിലാക്കുന്ന ഗൃഹശ്രീ പദ്ധതിയുടെയും ഉദ്ഘാടനം നടത്തപ്പെട്ടു. കൂടാതെ 2014 ചൈതന്യ കാർഷികമേള സമ്മാനകൂപ്പൺ പ്രകാശനം, മാതൃക പ്രവർത്തകരെ ആദരിയ്ക്കൽ, സംഘകൃഷി പ്രോത്സാഹന പദ്ധതി സബ്സിഡി വിതരണം, ചൈതന്യ ജീവകാരുണ്യനിധി ചികിത്സ സഹായ വിതരണം, സൗരോർജ്ജ റാന്തൽ വിളക്കുകളുടെ വിതരണം എന്നിവയും നടത്തപ്പെട്ടു. 750തോളം കർഷകപ്രതിനിധികൾ കർഷക ദിനാചരണത്തിൽ പങ്കെടുത്തു. 17-ാമത് ചൈതന്യ കാർഷികമേളയോടനുബന്ധിച്ച് ചൈതന്യ ജീവകാരുണ്യ നിധി ചികിത്സാ സഹായപദ്ധതി സമ്മാനക്കൂപ്പൺ മന്ത്രി കെ.എം. മാണി പ്രകാശനം ചെയ്തു.

## ഹൈറേഞ്ച് മേഖലാ കർഷകദിനാചരണവും നേതൃസംഗമവും സംഘടിപ്പിച്ചു

കോട്ടയം അതിരൂപതയുടെ സാമൂഹ്യ സേവന വിഭാഗങ്ങളായ ഗ്രീൻവാലി ഡെവലപ്പ്മെന്റ് സൊസൈറ്റിയുടെയും കോട്ടയം സോഷ്യൽ

സർവ്വീസ് സൊസൈറ്റിയുടെയും സംയുക്താഭിമുഖ്യത്തിൽ ഹൈറേഞ്ച് മേഖലാ കർഷകദിനാചരണവും നേതൃസംഗമവും സംഘടിപ്പിച്ചു. തടിയമ്പാട് മരിയസദൻ ആനിമേഷൻ സെന്ററിൽ സംഘടിപ്പിച്ച ദിനാചരണത്തിന്റെ ഉദ്ഘാടനം റോഷി അഗസ്റ്റിൻ എം.എൽ.എ നിർവ്വഹിച്ചു. ഗ്രീൻവാലി ഡെവലപ്പ്മെന്റ് സൊസൈറ്റി പ്രസിഡന്റ് മോൺ. മാത്യു ഇളപ്പാനിക്കൽ ചടങ്ങിൽ അദ്ധ്യക്ഷത വഹിച്ചു. ഹൈറേഞ്ച് ഡെവലപ്പ്മെന്റ് സൊസൈറ്റി ഡയറക്ടർ ഫാ. സെബാസ്റ്റ്യൻ കൊച്ചുപുരയ്ക്കൽ കർഷകദിന സന്ദേശം നൽകി. ഇടുക്കി ജില്ലാ പഞ്ചായത്ത് വൈസ് പ്രസിഡന്റ് ഷീല സ്റ്റീഫൻ, ഇടുക്കി ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് എ. പി. ഉസ്മാൻ, കെ.എസ്.എസ്.എസ് സെക്രട്ടറി ഫാ. മൈക്കിൾ വെട്ടിക്കാട്ട്, ജി.ഡി.എസ് വൈസ്പ്രസിഡന്റ് ഫാ. സജി പുത്തൻപുരയിൽ, ജോയിന്റ് സെക്രട്ടറി ഫാ. ജെയിംസ് വടക്കേകണ്ടംകരിയിൽ, കെ.എസ്.എസ്.എസ് അസി. സെക്രട്ടറി ഫാ. ബിൻസ് ചേത്തലിൽ, പ്രൊജക്ട് കോർഡിനേറ്റർ സി. ലിനറ്റ്, പ്രോഗ്രാം കോർഡിനേറ്റർ സിറിയക് ജോസഫ് എന്നിവർ പ്രസംഗിച്ചു. ദിനാചരണത്തോടനുബന്ധിച്ച് നടത്തപ്പെട്ട ജൈവവൈവിധ്യ സംരക്ഷണ സെമിനാറിന് കൃഷി പരിസ്ഥിതി വിദഗ്ദ്ധൻ സി.എൻ. സെബാസ്റ്റ്യൻ നേതൃത്വം നൽകി. കൂടാതെ ഹൈറേഞ്ച് മേഖലയിൽ നടപ്പിലാക്കുന്ന ‘എന്റെ സ്വപ്നവീട്’ ഭവനനിർമ്മാണ പദ്ധതിയുടെ ഉദ്ഘാടനം, ചൈതന്യ ജീവകാരുണ്യനിധി ചികിത്സ സഹായ വിതരണം, ഹൈറേഞ്ച് വികസന പാക്കേജിന്റെ ഭാഗമായുള്ള സംഘകൃഷി പ്രോത്സാഹന പദ്ധതി സബ്സിഡി വിതരണം, മാതൃക പ്രവർത്തകരെ ആദരിയ്ക്കൽ എന്നിവയും നടത്തപ്പെട്ടു. അറുന്നൂറോളം കർഷകർ ദിനാചരണത്തിൽ പങ്കെടുത്തു. എൻ. ആർ സിറ്റി സെന്റ് മേരീസ് ചർച്ച് പാരീഷ് ഹാളിൽ സംഘടിപ്പിച്ച കർഷകദിനാചരണത്തിന്റെ ഉദ്ഘാടനം ഗ്രാമവികസന സമിതി പ്രസിഡന്റ് ഫാ. ജോബി കണ്ണാലയിൽ നിർവ്വഹിച്ചു. ഫാ. ജോർജ്ജ് കുടുന്തയിൽ സമ്മേളനത്തിൽ അദ്ധ്യക്ഷത വഹിച്ചു. കെ. എസ്.എസ്.എസ് അസി. സെക്രട്ടറി ഫാ. ബിൻസ് ചേത്തലിൽ, ഏറ്റുമാനൂർ കൃഷി ഓഫിസർ ഷേർളി സഖറിയ എന്നിവർ പ്രസംഗിച്ചു. ദിനാചരണത്തോടനുബന്ധിച്ച് സംഘടിപ്പിച്ച സെമിനാറിന് ഏറ്റുമാനൂർ കൃഷി ഓഫീസർ ഷേർളി സഖറിയ നേതൃത്വം നൽകി. ദിനാചരണത്തിൽ 165 കർഷക പ്രതിനിധികൾ പങ്കെടുത്തു.

## കാടിന്റെ നന്മയറിഞ്ഞ് കർഷക കൂട്ടായ്മ

കാനന ഭംഗിയും കിളിനാദവും നീർച്ചാലുകളുടെ ഒഴുക്കും ജൈവവൈവിധ്യ സമ്പത്തും കാനന ഭൂപ്രകൃതിയുമെല്ലാം അപരിചിതമായിക്കൊണ്ടിരിക്കുന്ന ഇന്നത്തെ സാഹചര്യത്തിൽ പ്രകൃതിയുടെ ഇത്തരം

അനുഭവതലങ്ങളിലൂടെ യാത്ര ചെയ്ത് പ്രകൃതിസംരക്ഷണത്തിന്റെ വക്താക്കളായി മാറിയിരിക്കുകയാണ് കെ.എസ്.എസ്.എസ് കർഷക കൂട്ടായ്മയിലെ അംഗങ്ങൾ. സംസ്ഥാന വനം വകുപ്പിന്റെ നേതൃത്വത്തിൽ തേക്കടി, വനശ്രീയിൽ സംഘടിപ്പിച്ച മൂന്നു ദിവസത്തെ പരിസ്ഥിതി പഠനക്യാമ്പിൽ പങ്കെടുത്ത് പുത്തൻ അനുഭവതലങ്ങൾ സ്വന്തമാക്കിയിരിക്കുകയാണ് ഇവർ. ക്യാമ്പിൽ കെ.എസ്.എസ്.എസിന്റെ നേതൃത്വത്തിൽ കോട്ടയം, ഇടുക്കി, പത്തനംതിട്ട, ആലപ്പുഴ, ഏറണാകുളം, എന്നീ ജില്ലകളിലായി പ്രവർത്തിക്കുന്ന കർഷക കൂട്ടായ്മയിലെ തെരഞ്ഞെടുക്കപ്പെട്ട 40 പ്രതിനിധികളാണ് പങ്കെടുത്തത്. പരിസ്ഥിതി പഠനക്യാമ്പിനോടനുബന്ധിച്ച് പരിസ്ഥിതി സംരക്ഷണം, ജൈവവൈവിധ്യം എന്നീ വിഷയങ്ങളിൽ വിദഗ്ദ്ധർ ക്ലാസ്സുകൾ നയിച്ചു. കൂടാതെ കർഷകർക്കായി വനസവാരിയും ഒരുക്കിരുന്നു. തേക്കടി വന മേഖലയിൽ മൂന്നു ദിവസം താമസിച്ച് കാടിന്റെ നന്മയും പരിശുദ്ധിയും ആസ്വദിക്കുവാനുള്ള അവസരം ലഭിച്ചതിലുള്ള ആവേശത്തിലാണ് ഇവർ. പരിസ്ഥിതി സംരക്ഷണം സാമൂഹ്യ ഉത്തരവാദിത്വമാണ് എന്ന തിരിച്ചറിവ് പകർന്നു നൽകുന്നതോടൊപ്പം ജൈവവൈവിധ്യങ്ങളെക്കുറിച്ച് അവബോധം പകർന്നു നൽകുക എന്ന ലക്ഷ്യത്തോടെയാണ് പഠന ക്യാമ്പ് സംഘടിപ്പിച്ചത്. പരിസ്ഥിതി പഠന ക്യാമ്പ് യാത്രയുടെ ഫ്ളാഗ് ഓഫ് കർമ്മം സുരേഷ് കുറുപ്പ് എം.എൽ.എ നിർവ്വഹിച്ചു. കെ.എസ്.എസ്.എസ് സെക്രട്ടറി ഫാ. മൈക്കിൾ വെട്ടിക്കാട്ട്, അസി. സെക്രട്ടറി ഫാ. ബിൻസ് ചേത്തലിൽ ഏറ്റുമാനൂർ അഗ്രികൾച്ചർ ഓഫീസർ ഷേർളി സക്കറിയ തുടങ്ങിയവർ പഠനയാത്രയുടെ ഫ്ളാഗ് ഓഫ് കർമ്മത്തിൽ പങ്കെടുത്തു.

കെ.എസ്.എസ്.എസ് സുവർണ്ണ ജൂബിലിയോടനുബന്ധിച്ച് നടപ്പിലാക്കി വരുന്ന കൃഷി പരിസ്ഥിതി സംരക്ഷണ പ്രവർത്തനങ്ങളുടെ ഭാഗമായിട്ടാണ് പരിസ്ഥിതി പഠന ക്യാമ്പ് സംഘടിപ്പിച്ചത്.

## കർഷക ദമ്പതി സംഗമങ്ങൾ സംഘടിപ്പിച്ചു

കോട്ടയം സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ സുവർണ്ണ ജൂബിലി ആഘോഷങ്ങളോടനുബന്ധിച്ച് ഇടയ്ക്കാട്ടു മേഖലയിലെ കിഴക്കേ നട്ടാശ്ശേരി ഹോളി ഫാമിലി ചർച്ച് പാരീഷ് ഹാളിൽ സ്വാശ്രയ കർഷക ദമ്പതി സംഗമം സംഘടിപ്പിച്ചു. സംഗമത്തിന്റെ ഉദ്ഘാടനം വനഗതാഗത പരിസ്ഥിതി വകുപ്പ് മന്ത്രി തിരുവഞ്ചൂർ രാധാകൃഷ്ണൻ നിർവ്വിഹിച്ചു. ചടങ്ങിൽ കിഴക്കേ നട്ടാശ്ശേരി ഗ്രാമവികസന സമിതി പ്രസിഡന്റ് ഫാ. ഫിലിപ്പ് മുടക്കാലിൽ അദ്ധ്യക്ഷത വഹിച്ചു. കെ.എസ്.എസ്.എസ് സെക്രട്ടറി ഫാ. മൈക്കിൾ വെട്ടിക്കാട്ട് മുഖ്യ പ്രഭാഷണം നടത്തി. വിജയപുരം ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് റോയി ജോൺ ഇടയത്തറ, ഗ്രാമപഞ്ചായത്ത് മെമ്പർ ഉഷ വേണുഗോപാൽ, കെ.എസ്.എസ്.എസ് അസി. സെക്രട്ടറി ഫാ. ബിൻസ് ചേത്തലിൽ, ലൂക്കോസ് ആലപ്പാട്ട്, ഷാജി

പി. ജേക്കബ്, ലിസി സാബു, ആൻസമ്മ ബിജു, ബെസ്സി ജോസഫ്, അജീഷ് മോൻ ജോയി എന്നിവർ പ്രസംഗിച്ചു. സംഗമത്തോടനുബന്ധിച്ച് കുടുംബ ജീവിതത്തിൽ 50 വർഷം പൂർത്തിയാക്കിയ ദമ്പതികളെയും എസ്.എസ്.എൽ.സി പരീക്ഷയിൽ ഉന്നതവിജയം നേടിയ വിദ്യാർത്ഥി കളെയും ആദരിച്ചു. 'പുതുതലമുറയിൽ കുടുംബ ബന്ധങ്ങളുടെ അവ ശ്യകത' എന്ന വിഷയത്തെ ആസ്പദമാക്കി സംഘടിപ്പിച്ച സെമിനാറിന് ഫാമിലി കൗൺസിലർ ഗ്രേസ് ലാൽ നേതൃത്വം നൽകി. 320 പേർ പങ്കെ ടുത്തു. ചെറുകര സെന്റ് മേരീസ് പള്ളി ഓഡിറ്റോറിയത്തിൽ സംഘടി പ്പിച്ച സ്വാശ്രയ കർഷകദമ്പതി സംഗമം ധനകാര്യ വകുപ്പ് മന്ത്രി കെ.എം മാണി ഉദ്ഘാടനം ചെയ്തു. കിടങ്ങൂർ മേഖലയിലെ ചെറുകര ഗ്രാമവി കസന സമിതി പ്രസിഡന്റ് ഫാ. സ്റ്റീഫൻ മുരിയൻകോട്ടുനിരപ്പേൽ അദ്ധ്യ ക്ഷത വഹിച്ചു. കോട്ടയം ജില്ലാ ലീഗൽ സർവ്വീസ് അതോറിറ്റി സെക്രട്ട റിയും സബ്ജഡ്ജുമായ അഡ്വ. ജോഷി ജോൺ മുഖ്യപ്രഭാഷണം നടത്തി. കെ.എസ്.എസ്.എസ് സെക്രട്ടറി ഫാ. മൈക്കിൾ വെട്ടിക്കാട്ട്, കരൂർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ജോർജ്ജ് അഗസ്റ്റിൻ നടയത്ത്, കെ. എസ്.എസ്.എസ് അസി. സെക്രട്ടറി ഫാ. ബിൻസ് ചേത്തലിൽ, ബിന്ദു മെജോ, പ്രിൻസ് അഗസ്റ്റിൻ, ടോമി ജോൺ കൊഴുവന്താനം, പി.സി. ജോസഫ്, ജെസ്സി മാത്യു, ലിസി ജോസഫ്, ജിജി ജോയി തുടങ്ങിയവർ പ്രസംഗിച്ചു. സംഗമത്തോടനുബന്ധിച്ച് 'കുടുംബജീവിതത്തിൽ മൂല്യ ങ്ങളുടെ പങ്ക്' എന്ന വിഷയത്തിൽ സെമിനാറും വിവിധ മത്സരങ്ങളും കലാപരിപാടികളും ഭാഗ്യദമ്പതി നറുക്കെടുപ്പും സംഘടിപ്പിച്ചു. മുന്നൂ റോളം കർഷക ദമ്പതികൾ സംഗമത്തിൽ പങ്കെടുത്തു.

## അന്ധബധിര പുനരധിവാസം ശില്പശാല സംഘടിപ്പിച്ചു

കോട്ടയം സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ നേതൃത്വത്തിൽ അന്ധ ബധിര വൈകല്യമുള്ളവരുടെ സമഗ്ര പുനരധിവാസം എന്ന വിഷ യത്തെ ആസ്പദമാക്കി തെള്ളകം ചൈതന്യ പാസ്റ്ററൽ സെന്ററിൽ ദ്വിദിന ശില്പശാല സംഘടിപ്പിച്ചു. ശില്പശാലയുടെ ഉദ്ഘാടനം എം.ജി. യൂണിവേഴ്സിറ്റി പ്രൊ. വൈസ് ചാൻസിലർ ഡോ. ഷീന ഷുക്കൂർ നിർവ്വഹിച്ചു. കെ.എസ്.എസ്.എസ് സെക്രട്ടറി ഫാ. മൈക്കിൾ വെട്ടിക്കാട്ട് അദ്ധ്യക്ഷത വഹിച്ചു. കോട്ടയം ജില്ലാ സാമൂഹ്യനീതി ഓഫീസർ ഡോ. എബ്രഹാം പി. മാത്യു, സെൻസ് ഇന്റർ നാഷണൽ ഇന്ത്യ പ്രോഗ്രാം ഓഫീസർ ബ്രഹ്ദ ശങ്കർ, കെ.എസ്.എസ്.എസ് അസിസ്റ്റന്റ് സെക്ര ട്ടറി ഫാ. ബിൻസ് ചേത്തലിൽ, പ്രോഗ്രാം കോർഡിനേറ്റർ സി. ലിനറ്റ് ഡി.സി.പി.ബി എന്നിവർ പ്രസംഗിച്ചു.

ശില്പശാലയോടനുബന്ധിച്ച് അന്ധബധിര വൈകല്യമുള്ളവരുടെ സമഗ്ര പുനരധിവാസം എന്ന വിഷയത്തെ ആസ്പദമാക്കി വിദഗ്ദ്ധർ

ക്ലാസ്സുകൾ നയിച്ചു. സർവ്വശിക്ഷാ അഭിയാൻ പ്രവർത്തകർ, എൻ.ആർ. എച്ച്.എം കോർഡിനേറ്റേഴ്സ്, വികലാംഗക്ഷേമ പ്രവർത്തകർ, ആരോഗ്യ ക്ഷേമ പ്രവർത്തകർ, സന്നദ്ധ സംഘടന പ്രതിനിധികൾ, വിദ്യാഭ്യാസ ക്ഷേമ പ്രവർത്തകർ, മാധ്യമ പ്രതിനിധികൾ, അന്ധ ബധിര വൈകല്യ മുള്ളവരുടെ പുനരധിവാസ പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരിക്കുന്നവർ, സെൻസ് സംഘടനാ പ്രതിനിധികൾ തുടങ്ങിയവരുൾപ്പടെ 70 ഓളം പേർ ശില്പശാലയിൽ പങ്കെടുത്തു. കെ.എസ്.എസ്.എസും സെൻസ് ഇന്റർനാ ഷണൽ ഇന്ത്യയും സംയുക്തമായിട്ടാണ് ശില്പശാല സംഘടിപ്പിച്ചിച്ചത്.

## സൗജന്യ മെഡിക്കൽ ക്യാമ്പ് സംഘടിപ്പിച്ചു

കെ.എസ്.എസ്.എസ് സുവർണ്ണ ജൂബിലിയോടനുബന്ധിച്ച് തൊടു പുഴ ചാഴിക്കാട് ആശുപത്രിയുടെ സഹകരണത്തോടെ ചുങ്കം മേഖലയുടെ നേതൃത്വത്തിൽ ചുങ്കത്ത് സൗജന്യ മെഡിക്കൽ ക്യാമ്പ് സംഘടിപ്പിച്ചു. ആഗസ്റ്റ് 3-ാം തീയതി ഞായറാഴ്ച രാവിലെ 9.30 മുതൽ 2 വരെ ചുങ്കം സെന്റ് മേരീസ് ചർച്ച് പാരീഷ് ഹാളിലാണ് ക്യാമ്പ് സംഘടിപ്പിച്ചത്. ക്യാമ്പിന്റെ ഉദ്ഘാടനം കേരള ജലവിഭവ വകുപ്പ് മന്ത്രി പി. ജെ ജോസഫ് നിർവ്വഹിച്ചു. ക്യാമ്പിനോടനുബന്ധിച്ച് ചാഴിക്കാട് ആശുപത്രിയിലെ ഡോ. ജോസഫ് സ്റ്റീഫൻ ചാഴിക്കാട് ' ആരോഗ്യ പ്രശ്ന ങ്ങളും പ്രതിവിധികളും' എന്ന വിഷയത്തെ ആസ്പദമാക്കി ക്ലാസ്സ് നയി ച്ചു. ജനറൽ മെഡിസിൻ, ഗൈനക്കോളജി വിഭാഗങ്ങളിലെ വിദഗ്ദ്ധ ഡോക്ടറുമാരുടെ നേതൃത്വത്തിൽ വൈദ്യപരിശോധനയും മരുന്ന് വിത രണവും ക്രമീകരിച്ചിരുന്നു.

## SAFP – ക്ലസ്റ്റർ മീറ്റിംഗുകൾ പൂർത്തിയായി

കോട്ടയം സോഷ്യൽ സർവ്വീസ് സൊസൈറ്റി സേവ് എ പ്ലാനുമായി സഹകരിച്ച് നടപ്പിലാക്കുന്ന കുടുംബശാക്തീകരണ പങ്കാളികൾക്കായി 2014 ആഗസ്റ്റ് മാസം വിവിധ ഗ്രാമങ്ങളിൽ സംഘടിപ്പിച്ച അർദ്ധദിന ക്ലസ്റ്റർ മീറ്റിംഗുകൾ പൂർത്തിയായി. മീറ്റിംഗുകളിൽ 'ജീവിത പ്രതിസന്ധികളും പ്രായോഗിക നിർദ്ദേശങ്ങളും' എന്ന വിഷയത്തിൽ എഫ്.ഡി.പി അനി മേറ്റേഴ്സ് ബോധവൽക്കരണ ക്ലാസ് നടത്തി. സെപ്റ്റംബർ മാസം ക്ലസ്റ്റർ മീറ്റിംഗുകൾ ഉണ്ടായിരിക്കുന്നതല്ല.

## പശുവളർത്തൽ പരിശീലനം സംഘടിപ്പിച്ചു

ഗ്രീൻവാലി ഡെവലപ്പ്മെന്റ് സൊസൈറ്റിയുടെ നേതൃത്വത്തിൽ ഡയറി ഡെവലപ്പ്മെന്റ് ഡിപ്പാർട്ട്മെന്റുമായി സഹകരിച്ച് ചുങ്കം മേഖല യിൽ പശുവളർത്തൽ പരിശീലനം സംഘടിപ്പിച്ചു. ചുങ്കം സെന്റ് മേരീസ്

ചർച്ച് മിനി പാരീഷ് ഹാളിൽ സംഘടിപ്പിച്ച പരിശീലനത്തിൽ 62 അംഗങ്ങൾ പങ്കെടുത്തു. ആഗസ്റ്റ് 6 മുതൽ 13 വരെ സംഘടിപ്പിച്ച പരിശീലനത്തിൽ പശു വളർത്തലിന്റെ ശാസ്ത്രീയ രീതികൾ, തീറ്റപുൽകൃഷി, പശുവിനുണ്ടാകുന്ന രോഗങ്ങൾ തുടങ്ങിയ വിഷയങ്ങളെ ആസ്പദമാക്കി വിദഗ്ദ്ധരുടെ ക്ലാസ്സും പഠനയാത്രയും സംഘടിപ്പിച്ചു. ആറുദിവസം നീണ്ടുനിന്ന പരിശീലനം വിജയകരമായി പൂർത്തിയാക്കിയവർക്ക് 750 രൂപ സ്റ്റൈഫന്റും സർട്ടിഫിക്കറ്റും വിതരണം ചെയ്തു.

## ഊർജ്ജ തരംഗിണി ബോധവൽക്കരണ സെമിനാർ സംഘടിപ്പിച്ചു

കോട്ടയം സോഷ്യൽ സർവ്വീസ് സൊസൈറ്റി സംസ്ഥാന സർക്കാരിന്റെ കീഴിലുള്ള എനർജി മാനേജ്മെന്റ് സെന്ററുമായി സഹകരിച്ച് ഊർജ്ജ സംരക്ഷണ ബോധവത്ക്കരണ പരിപാടി സംഘടിപ്പിച്ചു. ഊർജ്ജ തരംഗിണി എന്ന പേരിൽ സംഘടിപ്പിക്കുന്ന പരിശീലന പരിപാടിയിലെ സെമിനാർ ആഗസ്റ്റ് 27-ാം തീയതി ബുധനാഴ്ച വെച്ചൂരും പയസ്മൗണ്ടിലും 28-ാം തീയതി വ്യാഴ്യാഴ്ച നീറിക്കാട്, പുതുവേലി എന്നീ ഗ്രാമങ്ങളിലും 30-ാം തീയതി ശനിയാഴ്ച ഒളശ്ശയിലും നടത്തപ്പെട്ടു. സെമിനാറിനോടനുബന്ധിച്ച് ഊർജ്ജ സംരക്ഷണ മാർഗ്ഗങ്ങൾ അടങ്ങിയ ലഘുലേഖകളുടെ വിതരണം നടത്തപ്പെട്ടു. പങ്കാളിത്താധിഷ്ഠിത പ്രവർത്തനങ്ങളിലൂടെ ഊർജ്ജ സംരക്ഷണ പ്രവർത്തനങ്ങൾ വ്യാപകമാക്കുക എന്ന ലക്ഷ്യത്തോടെയാണ് കെ.എസ്.എസ്.എസ് പരിപാടി സംഘടിപ്പിച്ചത്.

## നാളികേര ഉത്പാദക സംഘ ഭാരവാഹികൾക്ക് പരിശീലനം സംഘടിപ്പിച്ചു

കെ.എസ്.എസ്. എസിന്റെ നേതൃത്വത്തിൽ നാളീകേര വികസന ബോർഡിന്റെ സഹകരണത്തോടെ രൂപീകൃതമായിരിക്കുന്ന നാളീകേര ഉത്പാദക സംഘ ഭാരവാഹികൾക്കായി പരിശീലനം സംഘടിപ്പിച്ചു. ചേർപ്പുങ്കൽ സമരിറ്റൻ റിസോഴ്സ് സെന്ററിൽ സംഘടിപ്പിച്ച പരിശീലനത്തിന് കെ.എസ്.എസ്.എസ് അസി. സെക്രട്ടറി ഫാ. ബിൻസ് ചേത്തലിൽ നേതൃത്വം നൽകി. ഉത്പാദക സംഘങ്ങളുടെ പ്രവർത്തനങ്ങളെക്കുറിച്ചും ലഭ്യമാക്കുന്ന ആനുകൂല്യങ്ങളെക്കുറിച്ചും ചർച്ച ചെയ്യുകയും ഭാവിപ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുകയും ചെയ്തു. 41 ഭാരവാഹികൾ പങ്കെടുത്തു.

## ചൈൽഡ് ഡെവലപ്മെന്റ് പദ്ധതി സഹായവിതരണം നടത്തി

കെ. എസ്. എസ്. എസ്. നടപ്പിലാക്കി വരുന്ന സമൂഹാധിഷ്ഠിത പുരധിവാസ പദ്ധതിയുടെ ഭാഗമായി ഭിന്നശേഷിയുള്ള കുട്ടികൾക്കായി നടപ്പിലാക്കുന്ന ചൈൽഡ് ഡെവലപ്പ്മെന്റ് പദ്ധതിയുടെ ഭാഗമായി ജൂലൈ മാസത്തിൽ പഠനത്തിനും ചികിത്സയ്ക്കുമായി 12500 രൂപ സഹായം ലഭ്യമാക്കി.

**ഫാ. മൈക്കിൾ വെട്ടിക്കാട്ട്**
സെക്രട്ടറി, കെ.എസ്.എസ്.എസ്.

# മലബാർ സോഷ്യൽ സർവ്വീസ് സൊസൈറ്റി

## ചികിത്സാ സഹായനിധി ആരംഭിച്ചു

മലബാർ സോഷ്യൽ സർവ്വീസ് സൊസൈറ്റി കണ്ണൂർ, കാസർഗോഡ്, വയനാട്, പാലക്കാട് ജില്ലകളിൽ പ്രവർത്തിക്കുന്ന മാസ്സ് സ്വാശ്രയ സംഘ അംഗങ്ങളുടെ കുടുംബങ്ങൾക്ക് വേണ്ടി 'ചികിത്സാ സഹായനിധി' ആരംഭിച്ചു. പ്രസ്തുത പദ്ധതിയുടെ ഉദ്ഘാടന കർമ്മം കോട്ടയം അതിരൂപതാ മെത്രാപ്പോലീത്ത മാർ മാത്യു മൂലക്കാട്ട് മാലക്കല്ല് ലൂർദ് മാതാ പാരിഷ് ഹാളിൽ വച്ച് നിർവ്വഹിച്ചു. മറ്റുള്ളവരിൽ നിന്നും സഹായം സ്വീകരിക്കുക എന്നതിനേക്കാൾ വേദനിക്കുന്നവർക്ക് കഴിയുംവിധം കൈത്താങ്ങാകുവാൻ നമുക്ക് സാധിക്കണമെന്നും സ്വീകരിക്കുന്നതിനേക്കാൾ കൊടുക്കുന്നതിൽ താൽപര്യമുള്ളവരാകണമെന്നും അങ്ങനെ മറ്റുള്ളവർക്ക് മാതൃകയും തുണയുമായി തീരണമെന്നും ഉദ്ഘാടന പ്രസംഗത്തിലൂടെ പിതാവ് ഓർമ്മപ്പെടുത്തി.

കള്ളാർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ശ്രീ. വിഷ്നേശ്വരഭട്ട് ചടങ്ങിൽ അദ്ധ്യക്ഷനായിരുന്നു. കോട്ടയം അതിരൂപതാ വികാരി ജനറാൾ മോൺ മാത്യു ഇളപ്പാനിക്കൽ മുഖ്യപ്രഭാഷണം നടത്തി. മാസ്സ് ഡയറക്ടർ ഫാ. സുനിൽ പെരുമാനൂർ ആമുഖ പ്രഭാഷണം നടത്തി. രാജപുരം ഫൊറോന വികാരി ഫാ. ഷാജി വടക്കേത്തൊട്ടി, സി. സിൻസി എസ്. വി. എം., മിസ് എ.യു.മേരി എന്നിവർ ആശംസാപ്രസംഗങ്ങൾ നടത്തി. മാലക്കല്ല് ലൂർദ്ദ് മാതാ പള്ളി വികാരി ഫാ. റെജി കൊച്ചുപറമ്പിൽ

ചടങ്ങിനു നന്ദി പറഞ്ഞു. ഹൃദയം, തലച്ചോറ്, കിഡ്നി തുടങ്ങിയവ സംബന്ധിച്ചുള്ള രോഗങ്ങൾ കാൻസർ പോലുള്ള മാരകരോഗങ്ങൾ, ആകസ്മികമായുണ്ടാകുന്ന അപകടങ്ങൾ തുടങ്ങിയവ എല്ലാമാണ് ഈ പദ്ധതിയുടെ പരിധിയിൽ വരുന്നത്. അബ്രാഹം യു. പി., പ്രോയജക്ട് ഓഫീസർ സി. അൽഫോൻസ, ആനിമേറ്റേഴ്സ് എന്നിവർ പരിപാടികൾക്ക് നേതൃത്വം നൽകി.

## കുട നിർമ്മാണ യൂണിറ്റ് ആരംഭിച്ചു

മലബാർ സോഷ്യൽ സർവ്വീസ് സൊസൈറ്റി ലാസീം സഹായത്തോടു കൂടി വയനാട് മേഖലയിലെ കാപ്പിസെറ്റ് ഇടവകയിൽ കുട നിർമ്മാണ യൂണിറ്റ് ആരംഭിച്ചു. പ്രസ്തുത നിർമ്മാണ യൂണിറ്റ് ഉദ്ഘാടനം കാപ്പിസെറ്റ് വികാരി ഫാ. ജിലേഷ് പുഴകരോട്ട് നിർവ്വഹിച്ചു. മാസ്സ് പ്രോഗ്രാം മാനേജർ അബ്രാം യു. പി. പദ്ധതി വിശദീകരണം നടത്തി. കുടനിർമ്മാണ യൂണിറ്റിന്റെ നടത്തിപ്പിനായി 10 അംഗകമ്മറ്റിയെ തെരഞ്ഞെടുത്തു. കുടനിർമ്മാണ പരിശീലനം ലഭിച്ച 7 സ്വാശ്രയസംഘാംഗങ്ങളാണ് നിർമ്മാണ യൂണിറ്റിന് നേതൃത്വം നൽകുന്നത്.

## ജൈവഗ്രാമപദ്ധതി

മലബാർ സോഷ്യൽ സർവ്വീസ് സൊസൈറ്റി വയനാട് ജില്ലയിലെ പയസ്നഗർ ഇടവകയിൽ നടപ്പിലാക്കുന്ന ജൈവഗ്രാമപദ്ധതിയുടെ മൂന്നാം ഘട്ട ധനസഹായ വിതരണം പയസ്നഗർ ഇടവക വികാരി ഫാ. ജിലേഷ് പുഴക്കരോട്ട് നിർവ്വഹിച്ചു. ജൈവ പച്ചക്കറിത്തോട്ട നിർമ്മാണം, ജൈവ കിഴങ്ങു വർഗ്ഗ വിളകൃഷി എന്നിവയ്ക്കുള്ള ധനസഹായമാണ് നല്കിയത്. കൂടാതെ ആടുവളർത്തൽ, കന്നുകുട്ടി വളർത്തൽ എന്നിവയ്ക്കുള്ള ധനസഹായവും വിതരണം ചെയ്തു. മാസ്സ് പ്രോഗ്രാം മാനേജർ അബ്രാഹം യു. പി. പദ്ധതി വിശദീകരണം നടത്തി.

## ക്ഷയരോഗ ബോധവൽക്കരണ ക്ലാസ്

ജില്ലാ ഭരണകൂടം, കാത്തലിക് ഹെൽത്ത് അസോസിയേഷൻ ഓഫ് ഇന്ത്യ എന്നിവയുടെ സഹായത്തോടെ മലബാർ സോഷ്യൽ സർവ്വീസ് സൊസൈറ്റി കണ്ണൂർ, കാസർഗോഡ് മേഖലകളിൽ വിപുലമായ ക്ഷയരോഗ നിർമ്മാർജന പരിപാടികൾ സംഘടിപ്പിക്കുന്നു. പദ്ധതിയുടെ ഭാഗ

മായി വിവിധ ഗ്രൂപ്പുകളിൽ ക്ഷയരോഗ ബോധവൽക്കരണ ക്ലാസുകൾ സംഘടിപ്പിക്കപ്പെട്ടു. പഞ്ചായത്ത് ഭരണസമിതി അംഗങ്ങൾ, തയ്യൽതൊഴിലാളികൾ, ഹെൽത്ത് വർക്കേഴ്സ്, തൊഴിലുറപ്പു തൊഴിലാളികൾ, കർഷക സംഘാംഗങ്ങൾ തുടങ്ങിയ ഫോക്കസ് ഗ്രൂപ്പുകൾക്കാണ് ക്ലാസുകൾ നൽകിയത്. കൂടാതെ വീടുകൾ കയറി അടിസ്ഥാന വിവരശേഖരണം, കൗൺസലിംഗ് എന്നിവ നടത്തുന്നു. രോഗ ലക്ഷണമുള്ളവർക്ക് സൗജന്യ പരിശോധനയും തുടർന്ന് ചികിത്സയും നൽകുന്നു.

## ആർട്ടിസാൻസ് സംഗമവും ഗ്രൂപ്പ് ലീഡേഴ്സ് ട്രെയിനിംഗും

മാസ്സ് കേന്ദ്ര വസ്ത്രമന്ത്രാലയത്തിന്റെ സഹകരണത്തോടുകൂടി രാജപുരം മേഖലയിൽ നടപ്പിലാക്കുന്ന അംബേദ്കർ ഹസ്ത ശില്പ വികാസ് യോജന പദ്ധതിയുടെ ഭാഗമായി രാജപുരം മേഖലയിലെ വിവിധ ഇടവകകളിൽ വെച്ച് ആർട്ടിസാൻസ് സംഗമം നടന്നു. ആർട്ടിസാൻസ് ഗ്രൂപ്പ് ലീഡേഴ്സിനു വേണ്ടി ട്രെയിനിംഗ് പ്രോഗ്രാമും സംഘടിപ്പിച്ചു.

## തയ്യൽപരിശീലനം

മാസ്സ് സ്വാശ്രയസംഘാംഗങ്ങളുടെ വരുമാന വർദ്ധനവ് ലക്ഷ്യം വച്ചു കൊണ്ട് രാജപുരം മേഖലയിലെ ഒടയംചാൽ സെന്റ് ജോർജ് പാരിഷ് ഹാളിൽ വെച്ച് 25 വനിതകൾ രണ്ടുമാസം നീണ്ടുനിൽക്കുന്ന സൗജന്യ തയ്യൽപരിശീലനം ആരംഭിച്ചു. മേരിക്കുട്ടി ജോജോ, ആനിമേറ്റർ എന്നിവർ പരിശീലന പരിപാടികൾക്ക് നേതൃത്വം നൽകി.

## ലീഡേഴ്സ് ട്രെയിനിംഗ്

മാസ്സ് കതിരൂർ ഗ്രാമപഞ്ചായത്തിൽ സഹായ സംഘടനയായി നടപ്പിലാക്കുന്ന ജലനിധി പദ്ധതിയുടെ ഭാഗമായി ഗുണഭോക്തൃ സംഘം ഭാരവാഹികൾക്ക് വേണ്ടി ഏകദിന ലീഡേഴ്സ് ട്രെയിനിംഗ് സംഘടിപ്പിച്ചു. ജലനിധി കമ്മ്യൂണിറ്റി ഡവലപ്മെന്റ് മാനേജർ ശ്രീ. ജോർജ് മാത്യു ഏകദിന പരിശീലന സെമിനാർ നയിച്ചു. മാസ്സ് ജലനിധി ടീം അംഗങ്ങൾ പരിശീലന പരിപാടിക്ക് നേതൃത്വം നൽകി.

## കുട നിർമ്മാണ പരിശീലനം

മാസ്സ് ദേശീയ കാർഷിക ഗ്രാമവികസന ബാങ്കിന്റെ (നബാർഡ്) ധനസഹായത്തോടുകൂടി പയ്യാവൂർ ഗ്രാമപഞ്ചായത്തിലെ 10 ആദിവാസി

കോളനിയിലും എരുവേശ്ശി പഞ്ചായത്തിലെ അരിതമല കോളനിയിലും നടപ്പിലാക്കുന്ന സമഗ്രആദിവാസി വികസന പദ്ധതിയുടെ ഭാഗമായിട്ടുള്ള തൊഴിൽ പരിശീലനത്തോടനുബന്ധിച്ച് പദ്ധതി പ്രദേശത്തെ 30 ആദിവാസി വനിതകൾക്കായി കുടനിർമ്മാണ പരിശീലനം സംഘടിപ്പിച്ചു. ചിത്തപ്പാറ ട്രെയിനിംഗ് സെന്ററിൽ നടന്ന പരിശീലന പരിപാടികൾക്ക് മാസ്സ് വാടി പ്രോജക്റ്റ് ടീം അംഗങ്ങൾ നേതൃത്വം നൽകി.

## ആരോഗ്യ ബോധവൽക്കരണ സെമിനാർ

മാസ്സ് നബാർഡിന്റെ സഹകരണത്തോടു കൂടി പയ്യാവൂർ, ഏരുവേശ്ശി പഞ്ചായത്തുകളിൽ നടപ്പിലാക്കുന്ന സമഗ്ര ആദിവാസി വികസന പദ്ധതിയുടെ ഭാഗമായി പദ്ധതി പ്രദേശത്തെ വിവിധ കോളനികളിൽ ആരോഗ്യ ബോധവൽക്കരണ സെമിനാർ സംഘടിപ്പിച്ചു. ചന്ദനകാംപാറ ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ശ്രീനിവാസൻ പി.കെ. ക്ലാസ് നയിച്ചു.

## തെങ്ങിന്റെ ചങ്ങാതിക്കൂട്ടം പദ്ധതി – രാജപുരം മേഖല

മാസ്സ് നാളികേര വികസന ബോർഡിന്റെ സഹകരണത്തോടുകൂടി രാജപുരം മേഖലയിലെ കൊട്ടോടി മാസ്സ് ട്രെയിനിംഗ് സെന്ററിൽ വച്ച് രണ്ടു ബാച്ചുകളിലായി 43 തെങ്ങിന്റെ ചങ്ങാതിമാർ പരിശീലനം പൂർത്തിയാക്കി. പരിശീലനം വിജയകരമായി പൂർത്തിയാക്കിയ തെങ്ങിന്റെ ചങ്ങാതിമാർക്ക് കൊട്ടോടി പള്ളി വികാരി ഫാ. ലിജോ കൊച്ചുപറമ്പിൽ തെങ്ങുകയറ്റ മിഷ്യൻ വിതരണം ചെയ്തു. വാർഡ് മെമ്പർ ശ്രീ. അബ്ദുള്ള പി. സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്തു. പരിശീലന പരിപാടികൾക്ക് ബാബു പി. എം., ലാലി സണ്ണി എന്നിവർ നേതൃത്വം നൽകി.

**മടമ്പം മേഖല**

മാസ്സ് നാളികേര വികസന ബോർഡിന്റെ സഹകരണത്തോടുകൂടി മടമ്പം മേഖലയിലെ വിവിധ ഇടവകകളിൽ വെച്ച് തെങ്ങുകയറ്റ പരിശീലനം നടത്തി. പയ്യാവൂർ സെന്റ് ആൻസ് പാരിഷ് ഹാളിൽവച്ച് നടത്തിയ പരിശീലന പരിപാടിയിൽ 45 തെങ്ങിന്റെ ചങ്ങാതിമാർ പരിശീലനം പൂർത്തിയാക്കി. പരിശീലനം പൂർത്തിയാക്കിയ തെങ്ങിന്റെ ചങ്ങാതിമാർക്ക് പയ്യാവൂർ സെന്റ് ആൻസ് പള്ളി വികാരി റവ. ഫാ. തോമസ് കൊച്ചുപുത്തൻപുര തെങ്ങുകയറ്റ മിഷ്യനും സർട്ടിഫിക്കറ്റും വിതരണം ചെയ്തു. അലക്സ് നഗർ സെന്റ് ജോസഫ് പാരിഷ് ഹാളിൽവച്ച് 36

തെങ്ങിന്റെ ചങ്ങാതിമാർ പരിശീലനം പൂർത്തിയാക്കി. പരിശിലനം പൂർത്തിയാക്കിയ തെങ്ങിന്റെ ചങ്ങാതിമാർക്ക് റവ. ഫാ. സ്റ്റീഫൻ കുളക്കാട്ടുകുടി തെങ്ങുകയറ്റ മിഷ്യനും സർട്ടിഫിക്കറ്റും വിതരണം ചെയ്തു. പരിശീലന പരിപാടിക്ക് മാസ്റ്റർ ട്രെയിനേഴ്സ്, മേഖല കോർഡിനേറ്റർ, ആനിമേറ്റേഴ്സ്, ഫെഡറേഷൻ ഭാരവാഹികൾ എന്നിവർ നേതൃത്വം നൽകി.

### വിളനാട്ടി മഹോത്സവം

മാസ്സ് നബാർഡിന്റെ സഹായത്തോടുകൂടി വെള്ളമുണ്ട ഗ്രാമപഞ്ചായത്തിൽ നടപ്പിലാക്കുന്ന സീഡ് ബാങ്ക് പദ്ധതിയുടെ ഭാഗമായി പരമ്പരാഗത നെൽകൃഷിയുടെ വിളനാട്ടി മഹോത്സവം നടത്തി. പ്രസ്തുത വിളനാട്ട് ഉത്സവം വാർഡ് മെമ്പർ എ. കെ. കുഞ്ഞിരാമൻ ഉദ്ഘാടനം ചെയ്തു. മാസ്സ് കോർഡിനേറ്റർ ജിജോയ് പി. ജെ. വില്ലേജ് വാട്ടർഷെഡ് ഭാരവാഹികൾ, കർഷക സമിതി പ്രതിനിധികൾ എന്നിവർ നേതൃത്വം നൽകി. 150 ഏക്കർ സ്ഥലത്താണ് പരമ്പരാഗത നെൽകൃഷി ആരംഭിച്ചത്.

**ഫാ. സുനിൽ പെരുമാനൂർ** (സെക്രട്ടറി, മാസ്സ്)

## അഭി. മൂലക്കാട്ട് പിതാവിന്റെ ഡയറിയിൽ നിന്ന്

**ഓഗസ്റ്റ് 2014**

6-8 ബാംഗ്ലൂർ നടന്ന സി.ബി.സി.ഐ. സ്റ്റാൻഡിംഗ് കമ്മിറ്റി മീറ്റിംഗിൽ പങ്കെടുത്തു.

9 ബാംഗ്ലൂരിൽ സെന്റ് ജോൺസ് ഹോസ്പിറ്റലിന്റെ സുവർണ്ണ ജൂബിലി ആഘോഷത്തിൽ സംബന്ധിച്ചു.

10 ബാംഗ്ലൂർ സ്വർഗ്ഗറാണി പള്ളിയുടെ തിരുനാളിനോടനുബന്ധിച്ച് വി. ബലിയർപ്പിച്ചു.

12 ചൈതന്യയിൽ നടന്ന നിലയ്ക്കൽ ട്രസ്റ്റ് മീറ്റിംഗിൽ പങ്കെടുത്തു.

13 രാജപുരത്ത് നെടുങ്ങാട്ട് ബഹു. ജോസച്ചന്റെ പൗരോഹിത്യ രജതജൂബിലി ആഘോഷത്തിൽ പങ്കെടുത്ത് വി. ബലിയർപ്പി

ക്കുകയും സന്ദേശം നൽകുകയും ചെയ്തു.

- മാലക്കല്ല് നടന്ന മലബാർ സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ ചികിത്സാ സഹായ പദ്ധതി ഉദ്ഘാടനം ചെയ്തു.

14 കാരിത്താസ് ആശുപത്രിയിൽ ഗാസ്ട്രോ സയൻസ് ബ്ലോക്കും പുതിയ എം.ആർ.ഐ. മെഷീനും വെഞ്ചരിച്ച് ഉദ്ഘാടനം ചെയ്തു.

15 ഞീഴൂർ ഇടവകയിൽ വി. ബലിയർപ്പിക്കുകയും പുതുതായി നിർമ്മിച്ച വൈദികമന്ദിരം വെഞ്ചരിക്കുകയും ചെയ്തു.

17 തൂവാനീസായിൽ അഖണ്ഡ ജപമാലയോടനുബന്ധിച്ച് വി. ബലിയർപ്പിച്ച് സന്ദേശം നൽകി.

- കുടക്കച്ചിറയിൽ പുതുതായി തുടങ്ങിയ അന്തിനാട് ടൈൽസിന്റെ ഷോറൂം വെഞ്ചരിച്ച് ഉദ്ഘാടനം ചെയ്തു.

18-30 കാക്കനാട് നടന്ന സീറോ മലബാർ മെത്രാന്മാരുടെ സിനഡിൽ പങ്കെടുത്തു.

23 കല്ലറ പുത്തൻപള്ളി ഇടവക പാലക്കാട്ട് കോരയ്ക്കുവേണ്ടി പരേതന്റെ ഭവനത്തിൽ ഒപ്പീസ്ചൊല്ലി പ്രാർത്ഥിച്ചു.

- സംക്രാന്തി ഇടവക കണ്ടോത്ത് മോളി ജേക്കബിന്റെ മൃത സംസ്കാരശുശ്രൂഷകൾക്ക് ദേവാലയത്തിൽ കാർമ്മികത്വം വഹിച്ചു.

24 കത്തീഡ്രൽ പള്ളിയിൽ വി. പത്താംപിയൂസിന്റെ തിരുനാളിനോടനുബന്ധിച്ച് വി. ബലിയർപ്പിച്ചു.

27 കാക്കനാട് സി.എം.ഐ. ചാവറാ ഭവനത്തിൽ നടന്ന പൗരസ്ത്യ കാനൻ ലോ മീറ്റിംഗിൽ സംബന്ധിച്ചു.

30 മാലക്കല്ല് ഇടവകാംഗം പരേതനായ പിണർക്കയിൽ കുര്യന്റെ മൃതസംസ്കാര ശുശ്രൂഷകൾക്ക് ദേവാലയത്തിൽ കാർമ്മികത്വം വഹിച്ചു.

31 കരിങ്കുന്നം ഇടവകാംഗം പരേതയായ ആലപ്പാട്ട് അന്നക്കുട്ടിക്കു വേണ്ടി ഭവനത്തിൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു.

- മാറികയിൽ കെ.സി.സി.യുടെ ആഭിമുഖ്യത്തിൽ 104-ാം രൂപതാജന്മദിനാഘോഷത്തിൽ വി.ബലിയർപ്പിക്കുകയും 76-ാം വാർഷിക പൊതുയോഗത്തിൽ സംബന്ധിക്കുകയും ചെയ്തു.

# ENGAGEMENTS

## Mar Mathew Moolakkatt

**September 2014**

8 Holy Qurbana at Kaduthuruthy

9-12 Archeparchial Assembly at Chaithanya

13 Holy Qurbana at Thuvanisa

15 Regional Bishop's retreat at Pathanamthitta

15-19 Annual retreat of priests at Thuvanisa

16 Farmer's couples meet at Chaithanya

18 Conclusion of the Golden Jubilee celebration of St. Stephen's College at Uzhavoor

19 PPF meeting at Thuvanisa

20 Holy Qurbana and KSSS, Chaithanya family meet

21 Conclusion of the Golden Jubilee celebrations of KSSS at Chaithanya

22-26 Annual retreat of Priests at Thuvanisa

# അഭി. പണ്ടാരശ്ശേരിൽ പിതാവിന്റെ ഡയറിയിൽ നിന്ന്

**ഓഗസ്റ്റ് 2014**

15 നീറിക്കാട്ട് പള്ളിയിൽ വി. കുർബാന അർപ്പിച്ച് ശതാബ്ദി ആഘോഷം ഉദ്ഘാടനം ചെയ്തു.

\- കുടമാളൂർ പള്ളിയിലെ ഇടവക ദിനാഘോഷം ഉദ്ഘാടനം ചെയ്തു.

17 ചേർപ്പുങ്കൽ സമരിറ്റൻ സെന്ററിൽ നടത്തിയ കെ.എസ്.എസ്. എസ്. കർഷകദിന സമ്മേളനത്തിൽ അദ്ധ്യക്ഷം വഹിച്ചു.

\- ഏറ്റുമാനൂർ ഇടവകയിലെ കൂടാരയോഗസ്ഥാപനത്തിന്റെ രജത ജൂബിലി ആഘോഷം ഉദ്ഘാടനം ചെയ്തു.

18-30 മൗണ്ട് സെന്റ് തോമസിൽ നടന്ന സീറോ മലബാർ സിനഡിൽ സംബന്ധിച്ചു.

30 കാക്കനാട് മൗണ്ട് സെന്റ് തോമസിൽ വച്ച് ഉദ്ഘാടനം ചെയ്യപ്പെട്ട സീറോ മലബാർ യൂത്ത് മൂവ്മെന്റിന്റെ ചടങ്ങിൽ സംബന്ധിച്ചു.

**സെപ്റ്റംബർ 2014**

1 കാരിത്താസ് ആയുർവ്വേദ ആശുപത്രിയുടെ ട്രസ്റ്റ് മീറ്റിംഗിൽ സംബന്ധിച്ചു.

# Engagements

## Mar Joseph Pandarasseril

**September 2014**

8 Laying of foundation stone of the school building at Koodalloor

9-12 Archeparchial assembly at Chaithanya

11 Holy mass at Thuvanisa convention

13 Inauguration of Kothamangalom KCYM Youth convention at Muvattupuzha

14 Adoration at Thuvanisa

15 Regional Bishop's recollection at Pathanamthitta

15-19 Priest's annual retreat at Thuvanisa

18 KCYM Regional Sangamom at Bathery

21 K.S.S.S. Golden Jubilee valedictory function at Chaithanya

22-25 Priest's annual retreat at Thuvanisa

25- Oct 6 To Australia for Osceama Knanaya Convention

# വചനദർശനം

## സ്ലീവാ 1-ാം ഞായർ

**2014 സെപ്റ്റംബർ 14** **ലൂക്കാ 24 : 13-35**

### എമ്മാവൂസിലേക്ക് പോയ ശിഷ്യന്മാർ

തന്റെ ഉത്ഥാനത്തിനുശേഷം ജറുസലേമിൽനിന്ന് എമ്മാവൂസിലേയ്ക്ക് പോകുന്ന രണ്ട് ശിഷ്യന്മാരെ യേശു വഴിമദ്ധ്യേ കണ്ടുമുട്ടുന്നു. തന്റെ ഉത്ഥാനത്തെ വ്യക്തമായി മനസ്സിലാക്കാതിരുന്ന ശിഷ്യന്മാരുടെ ഹൃദയവും കണ്ണുകളും അവിടുന്ന് തുറക്കുന്നു.

ശിഷ്യന്മാരുടെ സംസാരവിഷയം മിശിഹാസംഭവമായിരുന്നു. അവർക്ക് യഥാർത്ഥത്തിൽ നടന്ന കാര്യങ്ങളെ മനസ്സിലാക്കുവാനോ ഉൾക്കൊള്ളുവാനോ സാധിക്കാത്തതിനാലാണ് അവർ തമ്മിൽ സംസാരത്തിനിടെ വാദിക്കുകയും ചെയ്യുന്നത്.

ഓരോ ദൈവാനുഭവവും ഓരോ ദൈവകൃപ തന്നെയാണെന്ന് ഈ വചനഭാഗം നമ്മെ ഓർമ്മിപ്പിക്കുന്നു. ഉത്ഥിതനായവന്റെ കൂടെയാണ് നടക്കുന്നതെങ്കിലും ആ ദൈവാനുഭവം തിരിച്ചറിയാൻ ഇവർക്ക് സാധിക്കുന്നില്ല. 60 സ്താദിയോൺ, ഏകദേശം 11 കിലോമീറ്റർ മുഴുവനും ഈശോയും അവരോടൊപ്പം നടന്നിരിക്കണം. എന്നിട്ടും അവർക്ക് അത് ഈശോയാണെന്ന് തിരിച്ചറിയാനാകുന്നില്ല. ഒടുവിൽ ഈശോ വെളിപ്പെടുത്തുമ്പോഴാണ് അവരുടെ നേത്രങ്ങൾ തുറക്കപ്പെടുന്നത്. നാമും ഈശോയെ സ്നേഹിക്കുന്നെന്നും അവനെ മനസ്സിലാക്കുന്നുവെന്നുമൊക്കെ ധരിക്കുന്നവരാണ്. പക്ഷേ പലപ്പോഴും നമുക്ക് ദൈവാനുഭവങ്ങൾ തിരിച്ചറിയാനാകുന്നില്ല. ഇതിനു കാരണം നമ്മുടെയൊക്കെ ആദ്ധ്യാത്മിക അന്ധത തന്നെയാണ്. ദൈവാനുഭവം ഒരു കൃപയാണെന്നും ഈ ദൈവാനുഭവത്തിന് ദൈവം തന്നെ കനിയണം എന്നുമുള്ള ചിന്ത നമ്മെ നയിക്കണം. അപ്പോൾ അവൻ നമ്മിൽ കനിയുകയും തന്റെ കൃപയാൽ നമ്മെ ദൈവാനുഭവത്തിന് പ്രാപ്തരാക്കുകയും ചെയ്യും.

## സ്ലീവാ 2-ാം ഞായർ

**2014 സെപ്റ്റംബർ 21** **മത്തായി 9 : 9-13**

### മത്തായിയെ വിളിക്കുന്നു

പന്ത്രണ്ട് ശിഷ്യന്മാരിലൊരുവനായ ലേവി എന്ന മത്തായിയെ ഈശോ തന്റെ ശിഷ്യസമൂഹത്തിലേയ്ക്ക് വിളിച്ച് ചേർക്കുന്ന ഭാഗമാണ് നമ്മുടെ ധ്യാനവിഷയം.

ഈ ബൈബിൾ ഭാഗത്തിന്റെ കേന്ദ്ര ആശയം പാപികളെ തേടി വരുന്ന ഈശോയാണ്. മത്തായിയുടെ വിളിയും തിരഞ്ഞെടുപ്പും തന്നെയാണ് ഇതിനുള്ള തെളിവ്. അതിനാൽതന്നെയാണ് പാപികളോടും ചുങ്കക്കാരോടുമൊപ്പം ഈശോ അനുതാപാർദ്രഹൃദയനായ ഒരു പാപിയുടെ ഭവനത്തിൽ ഭക്ഷണത്തിനിരിക്കുന്നതും.

ഈ ബൈബിൾഭാഗം വിചിന്തനവിഷയമാക്കുന്ന നാമോരോരുത്തരും ക്രിസ്തുവിന്റെ മൗതികശരീരമായ സഭയുടെ അംഗങ്ങളാണ്. അനുതപിക്കാനാഗ്രഹിച്ചവരെ സ്നേഹിച്ച് തന്നോടടുപ്പിച്ച ഈശോയെപ്പോലെ നാമും ദൈവസ്നേഹത്തിലേയ്ക്ക് തിരിയാനാഗ്രഹിക്കുന്നവർക്കും ഈശോയുടെ സ്നേഹത്തിന്റെ പ്രതിരൂപങ്ങളാകണം. ഈശോയുടെ ഒരു വിളി കേട്ടപ്പോൾതന്നെ അവന്റെ പക്കലേയ്ക്ക് ചാടിപ്പുറപ്പെട്ട മത്തായിയെപ്പോലെ, ഈശോയുടെ വിളിപോലെ സമാനമായ വിളിക്ക് കാത്തിരിക്കുന്ന ധാരാളമാളുകൾ നമുക്ക് ചുറ്റിലുമുണ്ട്. ഇക്കൂട്ടരെ ക്രിസ്തുവിനായി നേടിയെടുക്കുക എന്നത് ഓരോ സഭാതനയന്റെയും ഉത്തരവാദിത്വമാണ്. അതിനാൽ, പാപിയെ സ്നേഹിക്കുകയും പാപത്തെ വെറുക്കുകയും ചെയ്ത ഈശോയുടെ മനോഭാവമുള്ളവരാകാൻ നമുക്കും ശ്രമിക്കാം.

## സ്ലീവാ 3-ാം ഞായർ

**2014 സെപ്റ്റംബർ 28** **മത്തായി 15 : 21-28**

### കാനാൻകാരിയുടെ വിശ്വാസം

തന്റെ അഗാധമായ എളിമയും ദൈവാശ്രയബോധവും ഉപയോഗിച്ച് ദൈവപ്രീതി പിടിച്ചുപറ്റുന്ന ഒരമ്മയുടെ മുഖമാണ് നാം ഇന്ന് ധ്യാനിക്കുന്നത്.

യഹൂദനേതാക്കളായ ഫരിസേയർപോലും ഈശോ ബേൽസ ബൂലിനെ ഉപയോഗിച്ചാണ് പിശാചിനെ പുറത്താക്കുന്നതെന്ന് ആരോപിക്കുമ്പോൾ ഒരു വിജാതീയ ആയിരുന്നിട്ടും ഈശോയിൽ അടിയുറച്ച് വിശ്വസിക്കുന്നവളാണ് കാനാൻകാരി സ്ത്രീ. യഥാർത്ഥ ക്രിസ്ത്യാനികളെന്ന് വീമ്പിളക്കുകയും വിശ്വാസത്തെ വിളിച്ചോതു കയും ചെയ്യുന്നവർക്ക് നോക്കിപഠിക്കുവാനുള്ള തുറന്ന പുസ്തക മാണ് ഈ വിജാതീയ സ്ത്രീ.

അടിയുറച്ച് വിശ്വസിച്ചിട്ടും ദൈവിക നിശബ്ദതയ്ക്ക് വിധേ യരാക്കപ്പെടുന്ന എല്ലാ മനുഷ്യരുടെയും പ്രതിനിധിയാണ് ഈ കാനാൻകാരി. മനുഷ്യന്റെ ആവശ്യങ്ങൾക്കും ഒഴിച്ചുകൂടാനാവാത്ത സാഹചര്യങ്ങൾക്കും മുമ്പിൽ ദൈവം മൗനമവലംബിക്കുമ്പോൾ അടിയുറച്ച വിശ്വാസികളായ നമ്മിൽ പലരും അവനെ കഠിനഹൃദ യനായി കാണുന്നു. 'ഒരിക്കലുമിളകാത്ത നമ്മുടെ വിശ്വാസ' ത്തിന് ഇളക്കം തട്ടുന്നു.

നമുക്ക് മുമ്പ് കടന്നുപോയ പലരും നമുക്കുള്ള വഴിവിളക്കുക ളായി വർത്തിക്കുന്നവരാണ്. ഇത്തരത്തിലുള്ള ഒരു വഴിവിളക്കാണ് ഈ കാനാൻകാരി. വിശ്വാസപ്രതിസന്ധിയിൽ ചരിക്കുന്നവർക്കും എളിമയാകുന്ന വെളിച്ചമാണ് ഇവൾ പകർന്നു നൽകുന്നത്. താൻ വിശ്വസിക്കുന്നവർപോലും തന്നെ താഴ്ത്തിക്കാണുമ്പോൾ സ്വയം എളിമപ്പെടുത്തിക്കൊണ്ട് അവന്റെ ഹൃദയത്തിൽ ഇടം പിടിക്കാൻ കഴിഞ്ഞവളാണവൾ. നമുക്കും വിശ്വാസപ്രതിസന്ധികൾ നേരിടേ ണ്ടിവരുമ്പോൾ നമുക്കുമുമ്പേ ഈ പ്രശ്നത്തെ എളിമയാൽ അതി ജീവിച്ചവരുടെ മാതൃക നമുക്കും പിൻതുടരാം. നമ്മുടെ എളിമ ദൈവ ത്തിന്റെ മനസിൽ മാത്രമല്ല നമ്മുടെ സഹോദരങ്ങളുടെ മനസിലും നമ്മെ സ്ഥാനമുള്ളവരാക്കും. അതിനാൽ ദൈവിക നിശബ്ദതകളെ മാനുഷിക എളിമപ്പെടലുകൾ വഴി നമുക്ക് ദൈവിക ഇടപെടലു കൾക്ക് അവസരങ്ങളാക്കാം.

# വാർത്തകൾ

## ഇറാക്കിൽ ലോക മനസാക്ഷിയെ നടുക്കുന്ന ക്രൂരമതപീഡനം

ഇറാക്കിൽ ന്യൂനപക്ഷങ്ങൾക്കുനേരെ മനുഷ്യമനസാക്ഷിയെ ഞെട്ടിക്കുന്ന തരത്തിലുള്ള മതപീഡനമാണ് റിപ്പോർട്ട് ചെയ്യപ്പെടുന്നത്. ആഭ്യന്തരകലാപം രൂക്ഷമായ ഇറാക്കിൽ ഇസ്ലാമിക് സ്റ്റേറ്റ് ഓഫ് ഇറാക്ക് ആൻഡ് സിറിയ (ഐ.എസ്.ഐ.എസ്.) എന്നറിയപ്പെടുന്ന തീവ്രവാദികൾ ക്രിസ്ത്യൻ കുടുംബങ്ങളെ ഒന്നടങ്കം കൊന്നൊടുക്കുന്ന ഭീകര കാഴ്ചകൾ മാധ്യമങ്ങളിലൂടെ പുറത്തുവരുന്നു. കുഞ്ഞുങ്ങളെ കഴുത്തറുത്ത് കൊല്ലുകയും സ്ത്രീകളെ മാനഭംഗപ്പെടുത്തുകയും മുതിർന്നവരെ തൂക്കിലേറ്റുകയും ചെയ്യുന്നതായി വിവിധ അന്താരാഷ്ട്ര ഏജൻസികൾ റിപ്പോർട്ട് ചെയ്തു. ക്രൈസ്തവരേയും ഇറാക്കിലെ പുരാതന ന്യൂനപക്ഷ സമൂഹമായ യസീദികളെയും ശബക് ഷിയ വിഭാഗത്തിൽപ്പെടുന്ന മുസ്ലീങ്ങളെയും ഐ.എസ്.ഐ.എസ്. തീവ്രവാദികൾ കൊന്നൊടുക്കുകയാണ്.

ഞെട്ടലുളവാക്കുന്നതും അവിശ്വസനീയവുമായ വാർത്തകളാണ് ഇറാക്കിൽ നിന്ന് വരുന്നതെന്ന് ഫ്രാൻസിസ് മാർപാപ്പ സെന്റ് പീറ്റേഴ്സ് ചത്വരത്തിൽ ആഞ്ചലൂസ് പ്രാർത്ഥനയ്ക്കായി തടിച്ചുകൂടിയ വിശ്വാസികളോട് പറഞ്ഞു. "ദൈവനാമത്തിൽ ഈ ക്രൂരത അരുതേ" എന്ന് മാർപാപ്പ ഓർമ്മിപ്പിച്ചു. ദൈവത്തിന്റെ പേരിൽ യുദ്ധം നടത്തുന്നതിന് ന്യായീകരണമില്ല. ഇറാക്കിലെ യുദ്ധവും മതപീഢനവും അവസാനിപ്പിക്കുവാൻ പ്രാർത്ഥനയും അന്താരാഷ്ട്ര സഹായവും മാർപാപ്പ അഭ്യർത്ഥിച്ചു.

ഫ്രാൻസിസ് മാർപാപ്പയുടെ ആഹ്വാനമനുസരിച്ച് കേരള കത്തോലിക്കാ സഭ ഓഗസ്റ്റ് മാസത്തിലെ ഒരു ഞായറാഴ്ച പ്രാർത്ഥനാദിനമായി ആചരിച്ചു. കുടുംബപ്രാർത്ഥനകളിലും പീഢിതരും നിരാലംബരുമായ ഇറാക്കിലെ ക്രിസ്ത്യാനികൾക്കുവേണ്ടി പ്രാർത്ഥിക്കണമെന്ന് കെ.സി.ബി.സി ആഹ്വാനം ചെയ്തു.

## യു.കെ.യിൽ ദയാവധം അനുവദിക്കുന്ന ബില്ലിനെതിരെ മതനേതാക്കൾ രംഗത്ത്

ലണ്ടൻ (യു.കെ.) : ആറു മാസത്തിൽതാഴെ മാത്രം ജീവിച്ചിരിക്കുവാൻ സാധ്യതയുള്ള രോഗികൾക്ക് അവർ ആവശ്യപ്പെടുകയാണെങ്കിൽ

മരണത്തിന് കാരണമാകുന്ന മരുന്നുകൾ കുത്തിവയ്ക്കാൻ ഡോക്ടർമാർക്ക് അനുവാദം നൽകുന്ന നിയമം നടപ്പിലാക്കാൻ ഇംഗ്ലണ്ട് പാർലമെന്റിൽ ശ്രമം നടക്കുന്നതിനെതിരെ ലോകമതനേതാക്കൾ രംഗത്ത്. മനുഷ്യജീവനെ മാനിക്കാത്ത ഈ മനോഭാവത്തെ ഒരിക്കലും അംഗീകരിക്കാനാവില്ല എന്ന് കത്തോലിക്കരും ഹൈന്ദവരും ഇസ്ലാം മതവിശ്വാസികളും യഹൂദരും ഉൾപ്പെടുന്ന വ്യത്യസ്ത മതസ്ഥരായ 24 നേതാക്കൾ ഒപ്പിട്ട സംയുക്ത പ്രസ്താവനയിൽ മതനേതാക്കൾ വിലയിരുത്തി. ഏതവസ്ഥയിലും മനുഷ്യജീവൻ വിലമതിക്കപ്പെടേണ്ടതാണ്. ജീവിതത്തിന്റെ ഏതെങ്കിലും അവസ്ഥയിൽ അത് അവസാനിപ്പിക്കുവാനുള്ള ആഗ്രഹം ഉണ്ടാകുന്നത് വിഷാദം മൂലമോ പുറമെ നിന്നുള്ള സമ്മർദ്ദം മൂലമോ ആണ്. ദയാവധത്തെ അനുവദിക്കുന്നതുവഴി അനേകർ നിഷ്ക്രിയത്വത്തിലേയ്ക്കും വിഷാദത്തിലേയ്ക്കും വഴുതി വീഴുകയും വൃദ്ധരും ദുർബലരും നിന്ദിതരും സമൂഹത്തിന് ഭാരവുമായി ചിത്രീകരിക്കപ്പെടുകയും ചെയ്യുമെന്ന് മതനേതാക്കൾ ചൂണ്ടിക്കാട്ടി.

## സീറോ മലബാർ സഭയിൽ ഇനിമേൽ മെത്രാന്മാരെ മദ്ബഹയിൽ കബറടക്കുകയില്ല

കാക്കനാട് : മെത്രാന്മാരെ പള്ളി മദ്ബഹയിൽ കബറടക്കുന്ന രീതി സീറോമലബാർ സിനഡ് നിർത്തലാക്കുന്നു. പകരം സെമിത്തേരി ചാപ്പലിലോ ക്രിപ്റ്റിലോ കബറടക്കിയാൽ മതിയെന്ന് കാക്കനാട് ചേർന്ന സീറോമലബാർ സിനഡ് തീരുമാനിച്ചു. മദ്ബഹ വിശുദ്ധ വേദിയായി വിശ്വാസികൾ കാണുകയും പൂജ്യസ്ഥലമായി അവിടെ വ്യാപരിക്കുകയും ചെയ്യുന്നതിനാൽ അവിടം കബറടക്കങ്ങൾക്ക് ഉപയോഗിക്കേണ്ടതില്ല എന്ന് സിനഡ് വിലയിരുത്തി. സഭയിൽ മൃതശരീരങ്ങൾ മണ്ണിലടക്കുന്നതിനു പകരം ദഹിപ്പിക്കുവാനും സിനഡ് അനുമതി നൽകി. അതു സംബന്ധിച്ച് സഭാ നിയമങ്ങൾ അനുശാസിക്കുന്ന വിധത്തിൽ ഓരോ രൂപതയും പ്രത്യേക നിർദ്ദേശങ്ങൾ നൽകണമെന്നും സിനഡ് നിർദ്ദേശിച്ചു.